PALAKKAD
**Rupatha Bulletin**



Editor
**Fr. Jaimon Pallineerakkal**

Printed, Published & Owned by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**
Kerala, 678 014, Ph: 0491- 25346

Reg. No. KERMAL14748/11/01/2011-TC

Single Copy - ₹ 16.50
Annual Subscription- ₹ 200

## ഉള്ളടക്കം

ഇടയലേഖനം.................................................03
സർക്കുലർ .................................................09
തിരുബാലസഖ്യദിനം.....................................12
Bishop's Engagement.................................15
From the Bishop's Office........................... 16
രൂപതയിലെ വൈദികരുടെ സ്ഥലമാറ്റം..........17
നിത്യാരാധനാ കപ്പേള.................................. 21
വിശ്വാസപരിശീലനവേദി................................22
സ്റ്റാർസ്.......................................................29
ബൈബിൾ അപ്പോസ്തലേറ്റ്..............................29
തിരുബാലസഖ്യം............................................30
അൾത്താരസംഘം.........................................34
സി.എം.എൽ...............................................34
കെ.സി.വൈ.എം...........................................35
ജീസസ് യൂത്ത്..............................................37
മാതൃസംഘം.................................................38
എ.സി.സി.എച്ച്...........................................39
എ.കെ.സി.സി..............................................39
ഫാമിലി അപ്പോസ്തലേറ്റ്..................................41
കുടുംബകൂട്ടായ്മ........................................41
കരിസ്മാറ്റിക് വാർത്തകൾ............................42
ജീസസ് ഫ്രറ്റേണിറ്റി.......................................43
സെഹിയോൻ മിനിസ്ട്രീസ്.............................44
പി. എസ്. എസ്. പി......................................45
കെ.എൽ.എം. ............................................49
From the Bishop's Diary...............................50

04/2015
29-01-2015

# ഇടയലേഖനം-134

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

വലിയനോമ്പുകാലത്തേക്ക് നാം ഇന്ന് പ്രവേശിക്കുകയാണ്. നോമ്പുകാലത്തെ തപസ്സുകാലമെന്നും വിളിക്കാറുണ്ട്. അത് വളരെ അർത്ഥവത്തുമാണ്. തപസ്സും പ്രായശ്ചിത്തവും ഉപവാസവും അനുഷ്ഠിച്ച് ഈ കാലയളവിൽ ദൈവകൃപ അധികമായി സ്വീകരിക്കാൻ തക്കവിധം നാം ഒരുങ്ങണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. പാപലേശമില്ലാതിരുന്നെങ്കിലും ഈശോ നാല്പതു ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും ചിലവഴിച്ച് ആത്മാവിൽ ശക്തിപ്പെട്ടു (ലൂക്ക. 4:1-14). അവിടുത്തെ ജീവിതം നമുക്ക് വലിയ മാതൃകയും പ്രചോദനവുമാണ്.

നമ്മുടെ നോമ്പാചരണം പലപ്പോഴും ചില ദിവസങ്ങളിലെ ഉപവാസത്തിലും മാംസവർജ്ജനത്തിലും കുരിശിന്റെവഴി തുടങ്ങിയ ഭക്തകൃത്യങ്ങൾ നടത്തുന്നതിലുമായി അവസാനിക്കുകയാണ് പതിവ്. അവയ്ക്കു പുറമേ വ്യക്തിജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാകും വിധം തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപി ഈ നോമ്പുകാലത്ത് പ്രത്യേകവിധം നിലനിർത്തണമെന്ന് ഞാൻ ഉദ്ബോധിപ്പിക്കുന്നു.

എന്റെ ആഗ്രഹം നടക്കണം; എപ്പോഴും നടക്കണം; ഉടനടി നടക്കണം; അതുമാത്രമേ നടക്കാവൂ എന്നൊക്കെയുള്ള ചിന്തകൾ ശക്തമായസമൂഹമാണ് നമ്മുടേത്. അതുകൊണ്ടുതന്നെ പരിത്യാഗം, ഇന്ദ്രിയനിഗ്രഹം, പ്രായശ്ചിത്തം തുടങ്ങിയ മൂല്യങ്ങളെക്കുറിച്ച് പറയാനും കേൾക്കാനും ആരും ഇഷ്ടപ്പെടുന്നില്ല. സുഖപ്രദമായ വഴിയിൽ മാത്രം ജീവിക്കുന്നവർ തങ്ങളുടെ ആത്മാവിനെ അപകടപ്പെടുത്തു





മെന്ന് ഈശോ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. "സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സു ദർബലമാവുകയും, ആദിവസം ഒരുകെണിപോലെ പെട്ടെന്ന് നിങ്ങളുടെ മേൽവന്നുവീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ." ഇതിൽ നിന്ന് രക്ഷപെടാനുള്ള മാർഗ്ഗവും ഈശോ പറഞ്ഞുതരുന്നുണ്ട്: "എപ്പോഴും പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കുവിൻ" (ലൂക്ക 21:34-36).

ദൈവത്തിന്റെ മുമ്പിലുള്ള നമ്മുടെ ജാഗരൂകതയുടെ ഒരു പ്രധാനഭാഗമാണ് ആത്മനിയന്ത്രണവും പരിത്യാഗങ്ങളും. പരിത്യാഗവും ആത്മീയസമരവും കൂടാതെ വിശുദ്ധി പ്രാപിക്കാനാവില്ല (കത്തോലിക്കാസഭയുടെ മതബോധനം, 2015). എല്ലാ വിശുദ്ധരും ആ വഴി നടന്നവരാണ്. തോന്നുന്നതൊക്കെ ചെയ്യാം എന്നുകരുതി ജീവിച്ച വിശുദ്ധരാരുമില്ല. ജീവിതത്തിൽ നല്ലഫലം പുറപ്പെടുവിച്ച എല്ലാ ക്രൈസ്തവരും ത്യാഗത്തിന്റെയും സഹനത്തിന്റെയും പാത സ്വമേധയാ സ്വീകരിച്ചവരാണ്.

ഈ നോമ്പുകാലത്ത് ത്യാഗവഴിയേ ചരിക്കാൻ നാം ശീലിക്കണമെന്ന് പറയുന്നതിന് പലകാരണങ്ങളുണ്ട്. നമുക്കെല്ലാവർക്കും സ്വയം സ്നേഹമുണ്ട്. അത് വേണ്ടതാണ്; നല്ലതുമാണ്. എന്നാൽ ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കാൻ വയ്യാത്തവിധം സ്വയം സ്നേഹത്തിൽ മുഴുകാൻ മനുഷ്യർക്ക് വലിയ വാസനയുണ്ട്. അതുകൊണ്ടാണ് ഈശോ പറഞ്ഞത്, "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അയാൾ തന്നെത്തന്നെ പരിത്യജിച്ച്, തന്റെ കുരിശുംവഹിച്ച് എന്റെ പിന്നാലെവരട്ടെ" (മത്താ. 16:24). ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കണമെങ്കിൽ സ്വയം പരിത്യാഗം നാം ശീലിച്ചേ മതിയാകൂ. പരിത്യാഗകൃത്യങ്ങൾ നമ്മെ കൂടുതൽ സ്നേഹിക്കുന്നവരാക്കണം. അല്ലെങ്കിൽ ത്യാഗങ്ങൾ ആത്മീയമൂല്യമില്ലാത്ത സ്വയം പീഡനമായി അവസാനിക്കും.

പാപികളായ നാം നമ്മുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യാൻ കടപ്പെട്ടവരാണ്. സഭാപിതാവായ വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകൾ നമ്മെ പഠിപ്പിക്കട്ടെ: "ഒരുവൻ മാനസാന്തരപ്പെട്ട് തിന്മ ഉപേക്ഷിച്ചാൽ മാത്രം പോര. വേദനയുളവാക്കുന്ന തപശ്ചര്യകളും എളിമപ്പെടലും അനുതപിക്കുന്ന ഹൃദയത്തിന്റെ ബലിയർപ്പണവും ദാനധർമ്മവുംകൊണ്ട് അവൻ ദൈവത്തിലേക്ക് തിരിയണം". അനുതാപപൂർണ്ണമായ കുമ്പസാരത്തിലൂടെ നമുക്ക് പാപമോചനം ലഭിക്കുന്നുണ്ട്. എന്നാൽ കൂടുതലായ സ്വയംവിശുദ്ധീകരണത്തിനും

ഉത്തരിപ്പുകടത്തിൽനിന്നുള്ള മോചനത്തിനും വേണ്ടി നാം പരിഹാര കൃത്യങ്ങൾചെയ്യണം. അതുപോലെ മറ്റുള്ളവരുടെ, പ്രത്യേകിച്ച് മരണമടഞ്ഞവരുടെ, പാപപരിഹാരാർത്ഥം പ്രാർത്ഥനയോടൊപ്പം ത്യാഗങ്ങൾ അനുഷ്ഠിക്കാനും നമുക്ക് കടമയുണ്ട്.

നമുക്ക് മൂന്ന് ആത്മീയശത്രുക്കളുണ്ട്: ലോകം, ശരീരം, പിശാച്. ശരീരം അതിൽത്തന്നെ തിന്മയാണ് എന്ന് ഇതിനർത്ഥമില്ല. എന്നാൽ സ്വന്തം ആത്മാവിനെ ദുർബ്ബലമാക്കുന്ന ആസക്തികൾക്കും ദുരാശകൾക്കും കാരണമാകുമ്പോൾ ശരീരം നമ്മുടെ ശത്രുവായിമാറുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്. വിശുദ്ധ യോഹന്നാന്റെ പ്രബോധനം നാം ശ്രദ്ധിക്കുക: "എന്തെന്നാൽ, ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല; പ്രത്യുത, ലോകത്തിന്റേതാണ്" (1 യോഹ. 2:16). ലോകവുംശരീരവും പിശാചും നമ്മെ അടിമപ്പെടുത്താതിരിക്കണമെങ്കിൽ ചിലപ്പോൾ നല്ല കാര്യങ്ങൾപോലും ഉപേക്ഷിച്ച് നാം ആത്മീയബലം പ്രാപിക്കണം. അതുകൊണ്ടാണ് വിശുദ്ധ പൗലോസ് പറയുന്നത്: "എല്ലാം എനിക്ക് നിയമാനുസൃതമാണ്; എന്നാൽ, എല്ലാം പ്രയോജനകരമല്ല; എല്ലാം എനിക്ക് നിയമാനുസൃതമാണ്; എന്നാൽ, ഒന്നും എന്നെ അടിമപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല" (1 കോറി. 6:12). ഉദാഹരണത്തിന്, നമ്മൾ ഭക്ഷണം കഴിക്കണം; അത് നല്ലതുമാണ്. എന്നാൽ ഭക്ഷ്യപാനീയങ്ങൾ നമ്മെ കീഴ്പ്പെടുത്താൻ പാടില്ല. അത് സ്വയം ബോധ്യപ്പെടുത്താനും തെളിയിക്കാനും കൂടിയാണ് നാം ഇടക്ക് ഉപവാസം അനുഷ്ഠിക്കേണ്ടത്. അതുകൊണ്ടാണ് സുഭാ. 23:2 നമ്മോടു പറയുന്നത്, "ഭക്ഷണക്കൊതിയനാണെങ്കിൽ നീ നിയന്ത്രണം പാലിക്കുക."

ആത്മാവിനെയും ശരീരത്തെയും കുടുംബത്തെയും അപകടത്തിലാക്കുന്ന വലിയ തിന്മയാണ് മദ്യപാനം. ശരീരത്തിന്റെ ദുരാശയാണത്. ലഹരിക്കടിമയാകുന്നവനിൽ മറ്റ് തിന്മകൾ അതിവേഗം വളരും. കുടിച്ചുകുടിച്ചു നശിച്ചുപോയവരെയും കുടുംബം നശിപ്പിച്ചവരെയും അല്ലാതെ മദ്യപിച്ചു നന്നായിപ്പോയ ഒരാളെപ്പോലും നാം കാണുകയില്ല. ലഹരിക്കടിപ്പെട്ടവർ തങ്ങളുടെ ശരീരത്തിനും ജീവനുമെതിരെ തെറ്റുചെയ്യുന്നു. ജീവിതത്തിൽ നശിപ്പിച്ചുകളഞ്ഞ താലന്തുകളുടെ പേരിൽ അത്തരക്കാർ ദൈവസമക്ഷം കണക്കു കൊടുക്കേണ്ടിവരും. ലഹരിയോട് താത്പര്യമുള്ളവർ ഉറച്ച തീരുമാനമെടുത്ത് അതിൽനിന്ന് ഈ നോമ്പുകാലത്ത് പിൻമാറണം. നോമ്പിലെ മൂന്നാമത്തെ ഞായറാഴ്ച കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ നിർദ്ദേശപ്രകാരം മദ്യവിരുദ്ധ ദിനമായി ആചരിക്കണം. രൂപതയിലെ മദ്യവിരുദ്ധ പ്രവർത്ത





നങ്ങൾ ഫലപ്രദമാക്കുന്നതിന് എല്ലാവരും ക്രിയാത്മകമായി സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

എല്ലാ ജനതകളിലും പെട്ട ഒരു ജനക്കൂട്ടം ദൈവസന്നിധിയിൽ കാണപ്പെട്ടു എന്ന് വെളിപാടുപുസ്തകത്തിൽ നാം വായിക്കുന്നു. "അവർ വെള്ളയങ്കി അണിഞ്ഞവരും കുരുത്തോല കയ്യിലേന്തിയവരുമായിരുന്നു" (വെളി.7:9). വിശുദ്ധ അൽഫോൻസ് ലിഗോരി പറയുന്നത്, ആ കുരുത്തോല ഒരു അടയാളമാണ്. ഒന്നുകിൽ അവർ രക്തസാക്ഷികളാണ്; അല്ലെങ്കിൽ ശരീരത്തിന്റെ ദുരാശകളെ കീഴടക്കിയവരാണ്.

ഉപവാസത്തിനും നോമ്പിനുംപുറമേ നാം ഏറ്റെടുക്കേണ്ട ചില പരിത്യാഗ കൃത്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്തുകയാണ്. നമ്മുടെ ജീവിതകടമകൾ നിർവഹിക്കേണ്ടിവരുമ്പോൾ ഉണ്ടാകുന്ന ക്ലേശങ്ങൾ പരിത്യാഗമായിക്കണ്ട് ദൈവസന്നിധിയിൽ നാം സമർപ്പിക്കണം. ജീവിതാവസ്ഥയുടെ കടമകൾ നിർവ്വഹിക്കാതെ നടക്കുന്ന ഒരാൾചെയ്യേണ്ട ആദ്യത്തെ പരിത്യാഗകൃത്യം അത് നിർവ്വഹിക്കുക എന്നതാണ്. അതുചെയ്യാതെ ശുശ്രൂഷകളും ഭക്തകൃത്യങ്ങളും ചെയ്തു നടക്കുന്നത് ദൈവത്തിന് പ്രീതികരമാകുകയില്ല.

ജീവിതത്തിൽ വന്നുകൂടുന്ന സഹനങ്ങളെ കൃപാഭരിതമായി നാം സ്വീകരിക്കുന്നത് മറ്റൊരു ത്യാഗമാണ്. "ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല, അവനുവേണ്ടി സഹിക്കാൻകൂടിയുള്ള അനുഗ്രഹം അവനെ പ്രതി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു" (ഫിലി. 1:29).രോഗം, യാതനകൾ, സാമ്പത്തികക്ലേശം, കടുത്ത ചൂട്, വിമർശനം, അവഹേളനം, അവഗണന തുടങ്ങിയവയൊക്കെ ഈശോയെപ്പോലെ സ്വീകരിക്കുമ്പോൾ അതുവഴി അവൻ നമ്മെ വിശുദ്ധീകരിക്കും. ഇത്തരം കഷ്ടാനുഭങ്ങളിലൂടെ കടന്നുപോകുമ്പോൾ പഴയ നിയമത്തിലെ ജോബിനെപ്പോലെ നാം ഉള്ളിൽ പറയണം, "എന്റെ വഴി അവിടുന്ന് അറിയുന്നു. അവിടുന്ന് എന്നെ പരീക്ഷിച്ചുകഴിയുമ്പോൾ ഞാൻ സ്വർണംപോലെ പ്രകാശിക്കും" (ജോബ് 23:10).

ഇന്ദ്രിയനിഗ്രഹം തപസ്സിന്റെ സുപ്രധാനഭാഗമാണ്. പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നാം ഗൗരവത്തിലെടുക്കണം: അതുകൊണ്ട് നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം—അസൻമാർഗികത, അശുദ്ധി, മനഃക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധനതന്നെയായ ദ്രവ്യാസക്തി ഇവയെല്ലാം-നശിപ്പിക്കുവിൻ (കൊളോ. 3:5). നോമ്പുകാലത്ത് നാവിന് നിയന്ത്രണംകൊണ്ടുവരുമെന്ന് നാം പ്രതിജ്ഞയെടുക്കണം. പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് ശ്രദ്ധിക്കാം, "നിങ്ങളുടെ

അധരങ്ങളിൽനിന്ന് തിന്മയുടെ വാക്കുകൾ പുറപ്പെടാതിരിക്കട്ടെ. കേൾവിക്കാർക്ക് ആത്മീയ ചൈതന്യം പ്രധാനം ചെയ്യുന്നതിനായി അവരുടെ ഉന്നതിക്കുതകുംവിധം നല്ലകാര്യങ്ങൾ സന്ദർഭം അനുസരിച്ച് സംസാരിക്കുവിൻ. രക്ഷയുടെ ദിനത്തിനുവേണ്ടി നിങ്ങളെ മുദ്രതിരാക്കിയ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുത്. സകലവിദ്വേഷവും ക്ഷോഭവും ക്രോധവും അട്ടഹാസവും ദൂഷണവും എല്ലാ തിന്മകളോടുംകൂടെ നിങ്ങൾ ഉപേക്ഷിക്കുവിൻ" (എഫേ. 4:29,31).

കുടുംബത്തിലെ പരസ്പര സംഭാഷണങ്ങൾക്കും പ്രാർത്ഥനക്കും കുട്ടികളുടെ പഠനത്തിനുമായി ചിലവിടേണ്ട സമയം ടെലവിഷൻ പരമ്പരകൾക്കും വിലകുറഞ്ഞ വാർത്താചർച്ചകൾക്കുമായി നാം നശിപ്പിച്ചുകളയരുത്. എല്ലാകാര്യങ്ങളിലും കൃത്യനിഷ്ഠ പാലിക്കാനായി ശ്രമിക്കുന്നത് ഒരു പരിത്യാഗം തന്നെയാണ്.

ഈ നോമ്പുകാലത്ത് എന്തെങ്കിലും ത്യാഗമനുഷ്ഠിക്കാൻ നിങ്ങൾ ഓരോത്തരും തീരുമാനിക്കണം. നാം നടത്തുന്ന പ്രായശ്ചിത്തവും പരിഹാരകൃത്യങ്ങളും ദൈവം കാണുന്നുണ്ട്; അവിടുന്ന് കണക്കിലെടുക്കുന്നുണ്ട്. നാബോത്തിനെ കൊന്ന് അവന്റെ മുന്തിരിത്തോട്ടം കൈക്കലാക്കാൻ തുനിഞ്ഞ ആഹാബ് രാജാവിനെ ദൈവം ഏലിയാ പ്രവാചകനിലൂടെ കഠിനമായി ശകാരിച്ചു. ആഹാബ് ഇതുകേട്ട് വസ്ത്രം കീറി, ചാക്കുടുത്ത് ഉപവസിക്കുകയും ചാക്കുവിരിച്ച് ഉറങ്ങുകയും മനംതകർന്ന് തലതാഴ്ത്തി നടക്കുകയുംചെയ്തു. ഇത്കണ്ട് കർത്താവ് ഏലിയായോട് പറഞ്ഞു, ആഹാബ് എൻെറ മുൻപിൽ എളിമപ്പെട്ടതു കണ്ടില്ലേ? അവൻ തന്നെത്തന്നെ താഴ്ത്തിയതിനാൽ, അവൻെറ ജീവിതകാലത്തു ഞാൻ നാശംവരുത്തുകയില്ല(1 രാജാ. 21:27-29).

ത്യാഗത്തിന്റെ അരൂപി ഉപേക്ഷകൾ മാത്രമല്ല. നാം അനുഷ്ഠിക്കുന്ന ത്യാഗം മറ്റുള്ളവർക്ക് നന്മക്ക് കാരണമായാൽ അത് ശ്രേഷ്ഠമായിമാറും. ഉപവാസത്തിൽ നാം ഒഴിവാക്കിയ ഭക്ഷണം വിശക്കുന്നവരിലെത്തുമ്പോഴാണ് ഉപവാസം പൂർണ്ണമാകുന്നത്. പരിത്യാഗത്തിന്റെ ഒഴിവാക്കാനാകാത്ത ഭാഗമാണ് ദാനധർമ്മം.

നാം ത്യാഗാരൂപിയിൽ ജീവിക്കുകയും നമ്മുടെ കുട്ടികളെക്കൂടി അത് ശീലിപ്പിക്കുകയും ചെയ്യണം. ചെറിയ പരിത്യാഗങ്ങൾ അവർക്ക് ചെയ്യാൻ പറ്റുന്നത് പറഞ്ഞുകൊടുക്കണം. വെറുതെചെയ്താൽ പോരാ; അവയെല്ലാം നല്ല നിയോഗത്തോടെ ചെയ്യണം. ഉദാഹരണത്തിന്, കുമ്പസാരവും കുർബ്ബാനയുമില്ലാതെ കഴിയുന്നവരുടെ മാനസാന്തരം, രോഗികളുടെ സൗഖ്യം, കടക്കെണിയിൽ വലയുന്നവരുടെ രക്ഷ,





ശുദ്ധീകരണാത്മാക്കളുടെ മോചനം എന്നിങ്ങനെയുള്ള നിയോഗങ്ങൾ വച്ചു അവ ചെയ്യാൻ പഠിപ്പിക്കണം.

പരിത്യാഗപൂർണ്ണമായ ജീവിതംകൊണ്ട് എല്ലാമായി എന്നു നാം തെറ്റിദ്ധരിക്കരുത്. എത്ര ശക്തമായ ത്യാഗപ്രവൃത്തികൾ ചെയ്താലും ഉപവാസമനുഷ്ഠിച്ചാലും നമ്മിൽ ദൈവസ്നേഹവും പരസ്നേഹവും വളരുന്നില്ലെങ്കിൽ ത്യാഗങ്ങളൊക്കെ പാഴായിപ്പോകും. നമുക്ക് വിശുദ്ധ പൗലോസിനെ ശ്രദ്ധിക്കാം: "ഞാൻ എന്റെ സർവ്വസമ്പത്തും ദാനം ചെയ്താലും എന്റെ ശരീരം വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല" (1 കോറി.13:3).

പരിഹാരാരൂപിയിൽ ജീവിക്കുമ്പോൾത്തന്നെ നമുക്ക്പലതരം പ്രലോഭനങ്ങൾ നേരിടേണ്ടിവരും. മരുഭൂമിയിലെ ഉപവാസത്തിനിടയിലാണ് സാത്താൻ ഈശോയെ പരീക്ഷിച്ചതെന്നോർക്കണം. പരിത്യാഗത്തിന്റെ അരൂപിയിൽജീവിക്കണം എന്നതിന്റെയർത്ഥം ജീവിതത്തിലെ സന്തോഷങ്ങളെല്ലാം മാറ്റിവച്ച് സ്ഥിരം വ്യാകുലമാനസ്സരായി നടക്കണം എന്നല്ല. മറിച്ച്, പരിശുദ്ധാത്മാവിൽ സന്തോഷിക്കാൻ തക്കവിധം (റോമ. 14:17) ചിലകാര്യങ്ങളൊക്കെ വേണ്ടന്നുവക്കണം എന്നുമാത്രമാണ്. നമ്മുടെ എല്ലാ ത്യാഗപ്രവൃത്തികളും ഈശോയുടെ പീഡാസഹനത്തോടു ചേർത്തുവച്ച് നമുക്ക് അനുഷ്ഠിക്കാം. അങ്ങനെ യഥാർത്ഥമായ പ്രാർത്ഥനാ ചൈതന്യവും സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലർത്തിക്കൊണ്ട് ഈ നോമ്പുകാലം ഫലദായകമാക്കാൻ നമുക്ക് പരിശ്രമിക്കാം. വിശുദ്ധ കുരിശാൽ ലോകത്തെ വീണ്ടെടുത്ത ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **2015 ഫെബ്രുവരി 15 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

Prot.no. 0089/2015

# സർക്കുലർ

**സീറോ മലബാർസഭയുടെ
മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

**കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ !**

മനുഷ്യകുലത്തിന്റെ സുസ്ഥിതിക്കും ഭാവിക്കുമായി ദൈവം സ്ഥാപിച്ച നിർണ്ണായകവും അമൂല്യവുമായ കുടുംബത്തെക്കുറിച്ച് വിചിന്തനം നടത്താൻ 2014 ഒക്ടോബർ 5 മുതൽ 19 വരെ റോമിൽ വച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ ഒരു അസാധാരണ സിനഡ് നടന്നത് മാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞ കാര്യമാണല്ലോ. ഇന്നത്തെ കുടുംബത്തെ അതിന്റെ സർവ്വ സങ്കീർണ്ണതകളോടും പ്രകാശങ്ങളോടും നിഴലുകളോടും കൂടി നോക്കിക്കാണുക, കുടുംബത്തെക്കുറിച്ച് നാളിതുവരെ സഭയ്ക്കുലഭിച്ച വെളിപാടുകളെയും പ്രബോധനങ്ങളെയും മനസ്സിലാക്കുക, കുടുംബത്തോടുള്ള സഭയുടെയും സമൂഹത്തിന്റെയും സമർപ്പണത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ എപ്രകാരമാണ് നവീകരിക്കാൻ സാധിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അസാധാരണ സിനഡ് സമ്മേളിച്ചത്.

സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹത്തിലെ പവിത്രമായ കൗദാശികബന്ധത്തിന്റെ മഹത്വത്തിനു കോട്ടം വരുത്തുന്ന സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നതായി സിനഡ് വിലയിരുത്തി. വിവാഹ മോചനം, വിവാഹപൂർവ്വ ലൈംഗികത, മിശ്രവിവാഹം, വിവാഹേതര കൂടിത്താമസം തുടങ്ങിയവ കുടുംബബന്ധത്തിന്റെ പവിത്രതയ്ക്കു സാരമായ ഭംഗം വരുത്തുന്നുണ്ട്. കുട്ടികളെ വളർത്താനുള്ള പ്രയാസത്തിന്റെയും പുതിയ ജീവനെ സ്വാഗതം ചെയ്യാനുള്ള വൈമുഖ്യത്തിന്റെയും വാർദ്ധക്യത്തിലെത്തിയവരെ ഭാരമായി കരുതുന്ന ശൈലിയുടെയും ഒരു പ്രതിലോമ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ രൂപപ്പെട്ടുവരുന്നത് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുമെന്നും സിനഡ് നിരീക്ഷിക്കുകയുണ്ടായി. വിവാഹബന്ധത്തിനു വെളിയിൽ ജനിക്കുന്ന കുഞ്ഞുങ്ങളും വിവാഹമോചനം നേടിയ ദമ്പതികളുടെ കുഞ്ഞുങ്ങളും സാമൂഹികവും ആത്മീയവുമായി അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ഭീതിദമാണ്. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളും കുടുംബഭദ്രതയിൽ ആശങ്ക ഉളവാക്കുന്നതാണ്.





സങ്കീർണ്ണമായ ഈ പ്രതിസന്ധികൾക്കെല്ലാമുള്ള ഉത്തരം മനുഷ്യാവതാരം ചെയ്ത ഈശോയിലേക്കു തിരിയുക എന്നതു മാത്രമാണെന്ന് പരി. പിതാവ് സിനഡിലെ തന്റെ ആമുഖപ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. ദൈവം യോജിപ്പിച്ച ബന്ധമാകയാൽ വിവാഹബന്ധം അഭേദ്യവും അലംഘനീയവുമാണ് (മത്താ 19:8) എന്ന ഈശോയുടെ കാഴ്ചപ്പാടാണ് തിരുസ്സഭയുടെ വിവാഹദർശനത്തിന്റെ കാതൽ. ഈ കാഴ്ചപ്പാടനുസരിച്ച് ദമ്പതികൾ അന്യോന്യം ഭാരമായിട്ടല്ല ദൈവദാനമായിട്ടാണ് മനസ്സിലാക്കേണ്ടത്. കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി ആദ്യമായി വെളിപ്പെട്ടത് ആദിമാതാപിതാക്കളുടെ പറുദീസായിലെ കുടുംബത്തിലാണ്. ഫലപുഷ്ടിയുള്ളവരായി വർദ്ധിക്കുവാനുള്ള കൃപയും ദൈവം അവർക്കു നല്കി (ഉത്പത്തി 1:28). ദമ്പതികൾ ഒറ്റ ശരീരമായിത്തീരാനുള്ള ഈ ദൈവികാഹ്വാനത്തിന് ഭംഗം വന്നത് പാപം മൂലമാണ്. എവിടെയാണോ സ്വാർത്ഥപരമായ പാപം വർദ്ധിക്കുന്നത് അവിടെയാണ് വിവാഹവും കുടുംബജീവിതവും അപകടത്തിലാകുന്നത് എന്ന സനാതനമായ സന്ദേശമാണ് വിശുദ്ധഗ്രന്ഥം നല്കുന്നത്.

ഭദ്രമായ കുടുംബങ്ങളാണ് സഭയുടെ യഥാർത്ഥ അടിത്തറ എന്നതിനാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ ഗാർഹിക സഭഎന്നാണ് വിളിക്കുന്നത് (LG, 11). 2014-ലെ സിനഡിന്റെ മാർഗ്ഗരേഖ പ്രസ്താവിക്കുന്നതുപോലെ, സഭയൊന്നാകെ വിവാഹിതരായ ദമ്പതികളിലേക്ക് പ്രത്യാശയോടെ ഉറ്റുനോക്കുകയാണ്. ദമ്പതികളാകട്ടെ ഈശോയിലേക്കും ഉറ്റുനോക്കുന്നു. മനുഷ്യവംശത്തിന്റെ കൂട്ടായ്മയ്ക്കും നിലനില്പിനും കുടുംബം അടിസ്ഥാനപരമായ അനിവാര്യതയാണ് (LM, 22).

മാതാവും ഗുരുനാഥയുമായ സഭ മാമ്മോദീസ സ്വീകരിച്ചവരുടെ വിവാഹത്തെമാത്രമാണ് അലംഘനീയമായ കൗദാശികബന്ധമായി പരിഗണിക്കുന്നത്. ഇതിനെ ലംഘിക്കുന്ന സകല മാനുഷിക ഇടപെടലുകളും തെററാണെന്ന് സഭയ്ക്ക് ഉത്തമബോധ്യമുണ്ട്. എന്നാൽ വിവാഹമോചനം, മിശ്രവിവാഹം, കൂടിത്താമസം തുടങ്ങിയ വിവിധ പ്രതിസന്ധികളാൽ വിശ്വാസയാത്രയിൽ ക്ലേശിക്കുന്ന തന്റെ മക്കളുടെ ദൗർബല്യത്തെക്കുറിച്ച് സഭാമാതാവിന് വേദനയുമുണ്ട്.

2014-ലെ സിനഡിലെ ചർച്ചകളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ മാർഗ്ഗരേഖയാണ് 2015 ഒക്ടോബർ 4 മുതൽ 25 വരെയുള്ള

മെത്രാൻസിനഡിന്റെ ഒരുക്കരേഖയായി പരി. പിതാവ് നിർദ്ദേശിച്ചിരിക്കുന്നത്. കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും ആനുകാലിക ലോകത്തിലും എന്നതാണ് 2015 ലെ സാധാരണ സിനഡിന്റെ പ്രമേയം. ഈ സിനഡിൽ സാർവ്വത്രികസഭയിലെ മുഴുവൻ അംഗങ്ങളുടെയും ആശയങ്ങളും അഭിപ്രായങ്ങളും പ്രതിഫലിക്കണം എന്നതാണ് പരി. പിതാവിന്റെ ആഗ്രഹം. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനായി സിനഡിന് ഒരുക്കമായുള്ള മാർഗ്ഗരേഖ സഭയുടെ എല്ലാ തലങ്ങളിലും ചർച്ച ചെയ്യേണ്ടതുണ്ട്. ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ സമഗ്രമായ ചർച്ചകൾ നടത്തി രൂപതാതല റിപ്പോർട്ട് ക്രോഡീകരിച്ച് മാർച്ച് 20 ന് മുൻപായി സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിലെ കാര്യാലയത്തിലേക്ക് അയച്ചുതരണം. കൂടാതെ മാർച്ച് 24-ാം തീയതി മൗണ്ട് സെന്റ് തോമസിൽ വച്ച് കുടുംബത്തെക്കുറിച്ച് സഭാതല പഠനസമ്മേളനവും നടത്തുന്നുണ്ട്.

സന്യാസസമൂഹങ്ങളും ഈ വിഷയം ചർച്ച ചെയ്ത് സമൂഹതലത്തിലുള്ള റിപ്പോർട്ട് പ്രസ്തുത തീയതിക്കു മുൻപായി സഭാകാര്യാലയത്തിൽ ഏല്പിക്കണം. കാരണം, സീറോ മലബാർ സഭയിലെ മുഴുവൻ രൂപതകളുടെയും സന്യാസഭവനങ്ങളുടെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഏപ്രിൽ ആദ്യവാരത്തിൽ റോമൻ കൂരിയായിൽ സമർപ്പിക്കേണ്ടതാണ്.

നമ്മുടെ രക്ഷക്കായി നസ്രത്തിലെ തിരുക്കുടുംബത്തിൽ അവതരിക്കുകയും ദൈവപിതാവിന്റെ വലിയ കുടുംബത്തിലെ മക്കളാക്കി നമ്മെ ഉയർത്തുകയും ചെയ്ത ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് എല്ലാ കുടുംബങ്ങളെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി,**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് ജനുവരി മാസം 18 -ാം തിയ്യതി നൽകപ്പെട്ടത്.

---

NB: ഈ സർക്കുലർ 2015 മാർച്ച് മാസം 1 -ാം തിയ്യതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





**2015 ഫെബ്രുവരി 8**

# തിരുബാലസഖ്യദിനം

**കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കൻമാരേ, സഹോദരീസഹോദരൻമാരേ, കുഞ്ഞുമക്കളേ,

1. ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് എല്ലാവർഷവും തിരുബാലസഖ്യദിനമായി ആഗോളകത്തോലിക്കാസഭ ആചരിക്കുന്നത്. ബാല്യം മുതലേ ഈശോ മാതാപിതാക്കൻമാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെയെല്ലാം പരിചിന്തനത്തിനു വിധേയമാകണം.

2. നസ്രത്തിൽ യൗസേപ്പുപിതാവും പരിശുദ്ധകന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കൻമാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവി ക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

3. കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾ പോലെയാകണം. മാതാപിതാക്കൻമാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢമായ സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

4. ഇനി ഒരു സമർപ്പണ ചിന്തയാണ്. വളർത്തുന്നവൻ ദൈവമാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടു ചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവ

രുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയ ബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചുകാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം.

5. ഓരോകുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷമോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് ഈ തിരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗ്ഗാത്മകവുമായ ഭാവിക്ക് ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻമാരും മുന്നോട്ടുവരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞങ്ങൾ ദൈവം തന്ന ദാനമാണ് എന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

6. കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട മേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൻമാർ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്.

7. വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലീടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. തങ്ങളെത്തന്നെ എല്ലാവർക്കും വെളിപ്പെടുത്തുക വഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇരയാവുകയാണ്. ഈ മേഖലയിൽ





മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. സോഷ്യൽ മീഡിയയിലൂടെയും ടെലിഫോൺ ഉപയോഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കുവാനും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കൻമാരും ശ്രദ്ധിക്കണം.

8. സാമുദായിക സ്പർദ്ധയും, വർഗ്ഗീയവാദവും, തീവ്രവാദവും, ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയംനടിച്ച് പ്രലോഭിപ്പിച്ചും മതംമാറുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതീയുവാക്കളെയും കടത്തിക്കൊണ്ടുപോകുന്ന സാഹചര്യങ്ങളെയും കൂട്ടുന്നു. കത്തോലിക്ക വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുസമതയിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതാണ്.

9. സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും തെറ്റിക്കുന്നതുമായ മേഖലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയരോടും ചേർന്ന്നിൽക്കുക, പ്രവർത്തിക്കുക അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടേയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരുമായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാമാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

10. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻ മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

2015



# BISHOP'S Engagements

**2015 February**

| | | |
|---|---|---|
| 4 | | Pre-Cana, Yuvakshetra |
| 5 | | Holy Family Generalate, Mannuthy |
| | | Martha Generalate, Mannampetta |
| 6 | | Sinai Retreat Centre, Mundur |
| 7 | AM | Vimal Rani Provincial House, Mundur |
| | PM | Blessed Mother Theresa Church, Kairady |
| 9 | AM | DDP Convent, Chandranagar |
| 10 | | St. Joseph Karapadam |
| | | Devamatha Puttanikkad |
| 13 | PM | Kripasadan, Malampuzha |
| 14 | AM | Meeting, Pastoral Centre |
| | PM | Blessing, St. Alphonsa Church, Mundur |
| 15 | | MMB House, Paruthikkad |
| 16 | | Ash Monday, Cathedral |
| 19 | | Sehion Retreat Centre, Thavalam |
| | | Marian Provincial House, Mary Land |
| 21 | | Sulthanpett |
| 22 | | Holy Family Church, Chulliyamkulam |
| 23-24 | | Trimonthly, Yuvkshetra |
| 26-27 | | Health Commission Meeting, Delhi |
| 28- March 10 | | Rome |







# From the Bishop's Office

**സ്മരണാഞ്ജലി**

റവ. ഫാ. വർഗ്ഗീസ്. യു. വാഴപ്പിള്ളി – ഫെബ്രുവരി 13

**ത്രൈമാസ സമ്മേളനം**

ബഹു. വൈദികരുടെ ത്രൈമാസ സമ്മേളനം ഫെബ്രുവരി 23, 24 തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽ വെച്ച് നടത്തപ്പെടുന്നതാണ്. എല്ലാ രൂപതാ വൈദികരും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വൈദികരുടെ മാസധ്യാനം**

ഫെബ്രുവരി മാസത്തിൽ ബഹു. വൈദികരുടെ മാസധ്യാനം അതത് ഫൊറോനകളിൽ വെച്ച് നടത്തേണ്ടതാണ്.

**നിത്യാരാധന കപ്പേള**

ഫെബ്രുവരി 16 തിങ്കളാഴ്ച (വിഭൂതി തിരുനാൾ) നിത്യാരാധന കപ്പേളയിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരിക്കുന്നതല്ല.

**തെരട്ടിനെ സംബന്ധിച്ച് :**

1. 2014-2015 സാമ്പത്തിക വർഷത്തിലെ പള്ളിക്കണക്ക് ബിഷപ്പ് ഓഫീസിൽ ഓഡിറ്റുചെയ്യുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട പുസ്തകങ്ങളും, ബില്ലുകളും, ബാങ്ക് രേഖകളും ഏപ്രിൽ 30 ന് ഏല്പിക്കേണ്ടതാണ്.
2. ഓരോ വർഷവും പുതിയ പുസ്തകത്തിലാണ് നാൾവഴിയും ലെഡ്ജറും തയ്യാറാക്കേണ്ടതെന്ന് മുമ്പ് അറിയിച്ചതിന്റെ പശ്ചാത്തലത്തിൽ 2014-2015 ലെ കണക്ക് നിർബന്ധമായും പുതിയ പുസ്തകത്തിലെഴുതി ഓഡിറ്റിങ്ങിന് സമർപ്പിക്കേണ്ടതാണ്.
3. ഓഡിറ്റർ നിർദ്ദേശിച്ച പ്രകാരം ലെഡ്ജർ പുസ്തകത്തിൽ, തെരട്ടുഫോറത്തിൽ എഴുതിയ വിധത്തിൽതന്നെ വരവുചെലവുകണക്കും (Receipts & Payements) ധനകടസ്ഥിതിവിവരകണക്കും (Balance Sheet) എഴുതിയിരിക്കണം.

4. 2014-15 ലെ വാർഷിക തെരട്ട് പുതിയ ഫോറത്തിൽ തയ്യാറാക്കി ഓഡിറ്റിങ്ങിന് നൽകേണ്ടതാണ്. പുതിയ തെരട്ട് ഫോറം ഫെബ്രുവരി 25 മുതൽ ജിം ഓഫ്സെറ്റ് പ്രസ്സിലെ രൂപതാ കൗണ്ടറിൽ ലഭ്യമാണ്.

**ബുള്ളറ്റിൻ വരിസംഖ്യ**

രൂപത ബുള്ളറ്റിന്റെ മുൻവർഷങ്ങളിലെ വരിസംഖ്യ അടയ്ക്കാത്തവർ, 2015 മാർച്ച് 31ന് മുമ്പ്, വർഷം 200 രൂപ എന്നക്രമത്തിൽ അടയ്ക്കേണ്ടതാണ്. 2015 ഏപ്രിൽ മുതൽ വാർഷിക വരിസംഖ്യ 300 രൂപയായിരിക്കും.

## പാലക്കാട് രൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം

(പ്രാബല്യത്തിൽ വരുന്നത് ഫെബ്രുവരി 17, 2015)

**റവ. ഫാ. കാഞ്ഞിരത്തിങ്കൽ ജോബിൻ :** അസിസ്റ്റന്റ് വികാരി, സെന്റ് റാഫേൽസ് കത്തീഡ്രൽ, പാലക്കാട്.

**റവ. ഫാ. കാരക്കാട് ക്രിസ്റ്റോ :** വികാരി, സെന്റ് ആന്റണീസ് ചർച്ച്, പരുത്തിക്കാട്; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, പരുത്തിക്കാട്.

**റവ. ഫാ. അറയ്ക്കൽ ടോണി :** അസിസ്റ്റന്റ് വികാരി, ഹോളിസ്പിരിറ്റ് ഫൊറോന ചർച്ച്, മണ്ണാർക്കാട്.

**റവ. ഫാ. ഉറുകുഴിയിൽ സെബിൻ** : വികാരി, സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുറുവംപാടി; ഇൻഫന്റ് ജീസസ് ചർച്ച്, ഉണ്ണിമല; സെന്റ് ജോർജ്ജ് ചർച്ച്, പുലിയറ; കപ്ലോൻ സേക്രട്ട് ഹാർട്ട് കോൺവെന്റ്, കുറവംപാടി.

**റവ. ഫാ. കുളമ്പിള്ളിൽ തോമസ് :** അസിസ്റ്റന്റ് ഡയറക്ടർ, സെന്റ് മേരീസ് പോളിടെക്നിക് കോളേജ്, വള്ളിയോട്; വികാരി, ശാന്തിനാഥാ ചർച്ച്, പഴമ്പാലക്കോട്.

**റവ. ഫാ. ഐക്കര അജി :** ബിഷപ്പ്സ് സെക്രട്ടറി; ഡയറക്ടർ, ചെറുപുഷ്പാലയം ഓർഫനേജ്; എഡിറ്റർ, രൂപതാ ബുള്ളറ്റിൻ.

**റവ. ഫാ. പള്ളിനീരാക്കൽ ജെയ്മോൻ :** വികാരി, ക്രൈസ്റ്റ് ചർച്ച്, തച്ചനടി; കപ്ലോൻ, ക്രൈസ്റ്റ് കോൺവെന്റ്, തച്ചനടി.

**റവ. ഫാ. പൊറത്തൂർ റെന്നി :** അസിസ്റ്റന്റ് വികാരി, ഗുഡ്ഷെപ്പേർഡ് ചർച്ച്, കഞ്ചിക്കോട്.





**റവ. ഫാ. വാരണത്ത് ടോം ഒ. കാം. :** റിലീവ്ഡ്, ഗുഡ്ഷെപ്പേർഡ് ചർച്ച്, കഞ്ചിക്കോട്.

**റവ. ഫാ. കൂത്തോടിയിൽ ജിൻസ് എം.എസ്. :** അസിസ്റ്റന്റ് വികാരി, സെന്റ് തോമസ് ഫൊറോന ചർച്ച്, കാഞ്ഞിരപ്പുഴ.

**റവ. ഫാ. മാപ്രകരോട്ട് തോമസ് എം.സി.ബി.എസ്. :** റിലീവ്ഡ്, സെന്റ് തോമസ് ഫോറന ചർച്ച്, കാഞ്ഞിരപ്പുഴ.

**റവ. ഫാ. മരോട്ടിക്കൽ ഇമ്മാനുവൽ എം.സി.ബി.എസ്. :** അസിസ്റ്റന്റ് വികാരി, ലൂർദ്ദ് മാതാ ഫൊറോന ചർച്ച്, വടക്കഞ്ചേരി.

**റവ. ഫാ. മുണ്ടപ്ലാക്കൽ സനോജ് :** സ്റ്റഡി ലീവ്

**റവ. ഫാ. ചുങ്കത്ത് ലിവിൻ :** അസിസ്റ്റന്റ് വികാരി, സെന്റ് ജോർജ്ജ് ചർച്ച്, വചനഗിരി.

**റവ. ഫാ. കുമ്മംകോട്ടിൽ ബിജു :** അസിസ്റ്റന്റ് ഡയറക്ടർ, മരിയൻ റിന്യൂവൽ സെന്റർ, ധോണി; ഡയറക്ടർ, കെ.സി.എസ്.എൽ & സി.എൽ.സി.

**റവ. ഫാ. കിഴക്കേടത്ത് തോം :** റിലീവ്ഡ്, സി.എൽ.സി.

**റവ. ഫാ. പ്ലാത്തോട്ടത്തിൽ ജിൻസ് :** റിലീവ്ഡ്, കെ.സി.എസ്.എൽ.

**റവ. ഫാ. വേലിക്കകത്ത് ജിതിൻ :** അസിസ്റ്റന്റ് വികാരി, ഫാത്തിമ മാതാ ചർച്ച്, അഗളി.

**റവ. ഫാ. കാവാലത്ത് ജെയിംസ്** : അസിസ്റ്റന്റ് വികാരി, സെന്റ് സേവിയേഴ്സ് ഫൊറോന ചർച്ച്, മംഗലംഡാം.

**റവ. ഫാ. ആലക്കക്കുന്നേൽ ജോസ് :** വികാരി, ഹോളിട്രിനിറ്റി ഫൊറോന ചർച്ച്, താവളം; കപ്ലോൻ സെന്റ് പീറ്റർ കോൺവെന്റ് & സെന്റ് പോൾസ് കോൺവെന്റ്, കൂക്കംപാളയം; മരിയഗൊരേത്തി കോൺവെന്റ് & ഗോരേത്തി ഭവൻ, താവളം

**റവ. ഫാ. എട്ടൊന്നിൽ ഗിൽബർട്ട് :** വികാരി, സെന്റ് സേവ്യേഴ്സ് ഫോറോന ചർച്ച്, മംഗലംഡാം; സെന്റ് പോൾസ് ചർച്ച്, സ്നേഹഗിരി; കപ്ലോൻ, സെന്റ് പീറ്റേഴ്സ് കോൺവെന്റ, സെന്റ് ജോൺസ് കോൺവെന്റ്, സാൻജോ കോൺവെന്റ്, മംഗലംഡാം

**റവ. ഫാ. പഞ്ഞിക്കാരൻ സെബാസ്റ്റ്യൻ :** വികാരി, സെന്റ് മേരീസ് ചർച്ച്, മൈലംപുള്ളി; കപ്ലോൻ, മറിയം ത്രേസ്യാ കോൺവെന്റ് മൈലംപുള്ളി.

**റവ. ഫാ. ഒല്ലൂക്കാരൻ വിൻസെന്റ് :** വികാരി, സെന്റ് ജോസഫ് ചർച്ച്, പൊൻകണ്ടം; കപ്ലോൻ, സാൻതോം കോൺവെന്റ്, പൊൻകണ്ടം.

**റവ. ഫാ. ആളൂർ ജോൺ :** വികാരി, സെന്റ് ജോസഫ് ചർച്ച്, കൊല്ലംങ്കോട്; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, കൊല്ലംങ്കോട്.

**റവ. ഫാ. വടക്കൻ ജെയ്സൺ :** വികാരി, മൗണ്ട് കാർമ്മൽ ചർച്ച്, നെല്ലിയാമ്പതി; സെന്റ് മേരീസ് ചർച്ച്, സീതാർകുണ്ട്; കപ്ലോൻ, സെന്റ് മേരീസ് കോൺവെന്റ്, നെല്ലിയാമ്പതി.

**റവ. ഫാ. കൊച്ചുപുരയ്ക്കൽ പീറ്റർ :** വികാരി, ദിവ്യകാരുണ്യ ചർച്ച്, വാലുപറമ്പ്.

**റവ. ഫാ. ഞൊങ്ങിണിയിൽ മാത്യു :** വികാരി, സെന്റ് ആന്റണീസ് ചർച്ച്, പൊമ്പ്ര; കപ്ലോൻ, സെന്റ് തോമസ് കോൺവെന്റ്, പൊമ്പ്ര.

**റവ. ഫാ. വടക്കുഞ്ചേരി തോമസ് :** വികാരി, സെന്റ് പീറ്റേഴ്സ് ചർച്ച്, മാങ്കുറിശ്ശി; മരിയഗൊരേത്തി കോൺവെന്റ്, മാങ്കുറിശ്ശി.

**റവ. ഫാ. വടക്കേക്കര ടോം :** വികാരി, സെന്റ് മേരീസ് ചർച്ച്, സേലം; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ് & ശാലോം എഫ്.സി.സി. കോൺവെന്റ്, സേലം

**റവ. ഫാ. പറമ്പി തോമസ് :** വികാരി, സെന്റ് ആഗ്നസ് ചർച്ച്, ഷൊർണ്ണൂർ; സെന്റ് ജോസഫ് ചർച്ച്, ഗണേഷ്ഗിരി; സെന്റ് മേരീസ് ചർച്ച്, മലയകം; കപ്ലോൻ, സേക്രട്ട് ഹാർട്ട് കോൺവെന്റ്, മേരിമാതാ മിഷൻ ഹൗസ്, മരിയൻ കോൺവെന്റ്, ഷൊർണ്ണൂർ; മേരിമാതാ കോൺവെന്റ് മലയകം.

**റവ. ഫാ. തരണിയിൽ ജോബി :** വികാരി, സെന്റ് മേരീസ് ചർച്ച്, കടപ്പാറ; മാനേജർ, രൂപതാ എസ്റ്റേറ്റ്

**റവ. ഫാ. കാഞ്ഞിരത്തിങ്കൽ റെന്നി :** ജോയിന്റ് ഡയറക്ടർ, സെന്റ് മേരീസ് പോളിടെക്നിക്ക് കോളേജ്, വള്ളിയോട്; വികാരി, സെന്റ് ജോസഫ്സ് ചർച്ച്, ജോസ്ഗിരി.

**റവ. ഫാ. കളപ്പുരയ്ക്കൽ അനു :** ഡയറക്ടർ, സെന്റ് തോമസ് ഐ.ടി. ഐ., കാഞ്ഞിരപ്പുഴ; വികാരി, സെന്റ് ജോസഫ് ചർച്ച്, മെഴുകുംപാറ; കപ്ലോൻ; സെന്റ് ഡോമിനിക് നോവിഷ്യേറ്റ് ഹൗസ്, തെങ്കര.

**റവ. ഫാ. താണിക്കൽ ടെൻസൺ :** വികാരി, സെന്റ് ജോസഫ് ചർച്ച്, കാരറ; ശാന്തിനാഥ ചർച്ച്, ശാന്തിതടം; കപ്ലോൻ, ക്രിസ്തുജ്യോതി ഭവൻ, കാരറ.





**റവ. ഫാ. മുരിക്കനാനിക്കൽ സന്തോഷ്:** വികാരി, സെന്റ് ജോസഫ് ചർച്ച്, കാരാപ്പാടം; കപ്ലോൻ, സെന്റ് ജോസഫ് കോൺവെന്റ്, കാരാപ്പാടം.

**റവ. ഫാ. ചക്കാലയ്ക്കൽ ജോഷി :** വികാരി, സെന്റ് ആന്റണീസ് ചർച്ച്, കോട്ടായി; കപ്ലോൻ, മേരിമാത കോൺവെന്റ്, കോട്ടായി.

**റവ. ഫാ. കാച്ചപ്പിള്ളി ജോബി :** വികാരി, ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി ചർച്ച്, കേരളശ്ശേരി; കപ്ലോൻ, ഹോളിഫാമിലി, കോൺവെന്റ്, കേരളശ്ശേരി.

**റവ. ഫാ. അരിക്കാട്ട് ആന്റു** : വികാരി, ഹോളിഫാമിലി ചർച്ച്, ചിറ്റൂർ; കപ്ലോൻ വിജയമാത കോൺവെന്റ്, ചിറ്റൂർ.

**റവ. ഫാ. ആരിശ്ശേരിൽ തോമസ് :** സർക്കുലേഷൻ മാനേജർ, ജനപ്രകാശം; കപ്ലോൻ, സെന്റ് ഫ്രാൻസിസ് & സെറാഫിക് കോൺവെന്റ്സ്, പൊൽപ്പുള്ളി

**റവ. ഫാ. പനപ്പറമ്പിൽ സജി :** വികാരി, ലിറ്റിൽ ഫ്ളവർ ചർച്ച്, ആലത്തൂർ; മാനേജർ രൂപതാ എസ്റ്റേറ്റ്; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, ആലത്തൂർ.

**റവ. ഫാ. നാല്പതാംകളം സുമേഷ് :** വികാരി, സെന്റ് ഇഗ്നേഷ്യസ് ചർച്ച്, കൂനത്തറ; സെന്റ് പോൾസ് ചർച്ച്, പട്ടാമ്പി; കപ്ലോൻ, ആശാദീപം കോൺവെന്റ് & ചാരിറ്റി കോൺവെന്റ്, കൂനത്തറ; സെന്റ് പോൾസ് കോൺവെന്റ്, പട്ടാമ്പി.

**റവ. ഫാ. മാവറയിൽ ഷിജോ :** വൈസ് റെക്ടർ, സെന്റ് മേരീസ് മൈനർ സെമിനാരി, കല്ലേപ്പുള്ളി.

**റവ. ഫാ. ചോതിരക്കോട്ട് ബിജോയ് :** വികാരി, സേക്രട്ട് ഹാർട്ട് ചർച്ച്, തിരുവിഴാംകുന്ന്; സെന്റ് ജോസഫ് ചർച്ച്, അലനല്ലൂർ

**റവ. ഫാ. കുളമ്പിൽ എബിൻ :** വികാരി, സെന്റ് അൽഫോൻസാ ചർച്ച്, മുണ്ടൂർ (അഡീഷണൽ).

**റവ. ഫാ. തോട്ടങ്കര ഫ്രാൻസിസ് :** അസോഷിയേറ്റ് വികാരി, സെന്റ് ജോസഫ് ഫൊറോന ചർച്ച്, ഒലവക്കോട്.

**റവ. ഫാ. ആഞ്ഞിലിമൂട്ടിൽ ചെറിയാൻ :** റിലിവ്ഡ്, സെന്റ് അൽഫോൻസാ ചർച്ച്, മുണ്ടൂർ.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 02-Mar-15 | MON | Rev. Fr. Vattukalathil Saji |
| 03-Mar-15 | TUE | Rev. Fr. Vazhayil Mathew |
| 04-Mar-15 | WED | Rev. Fr. Vazheparambil Sebastian |
| 05-Mar-15 | THU | Rev. Fr. Velikkakath Jithin |
| 06-Mar-15 | FRI | Rev. Fr. Velliamkandathil Jaijin |
| 07-Mar-15 | SAT | Rev. Fr. Ackaparambil Joyson |
| 09-Mar-15 | MON | Rev. Fr. Aikkara Aji |
| 10-Mar-15 | TUE | Rev. Fr. Aippanparambil Dominic |
| 11-Mar-15 | WED | Rev. Fr. Alackakunnel Jose |
| 12-Mar-15 | THU | Rev. Fr. Aloor John |
| 13-Mar-15 | FRI | Rev. Fr. Angeveettil Jose |
| 14-Mar-15 | SAT | Rev. Fr. Anjilimoottil Cherian |
| 16-Mar-15 | MON | Rev. Fr. Arackal Tony |
| 17-Mar-15 | TUE | Rev. Fr. Aricatt C. Antu |
| 18-Mar-15 | WED | Rev. Fr. Arisseriyil Thomas |
| 19-Mar-15 | THU | Rev. Fr. Chakkalakal Joshy |
| 20-Mar-15 | FRI | Rev. Fr. Chakkiath James |
| 21-Mar-15 | SAT | Rev. Fr. Chakkumpeedika Davis |
| 23-Mar-15 | MON | Rev. Fr. Chalakkal Jeejo |
| 24-Mar-15 | TUE | Rev. Fr. Cheekkapara Joy |
| 25-Mar-15 | WED | Rev. Fr. Cheniyara Jose |
| 26-Mar-15 | THU | Rev. Fr. Chittilapally Jose P. |
| 27-Mar-15 | FRI | Rev. Msgr. Chittilapilly Joseph |
| 28-Mar-15 | SAT | Rev. Fr. Chothirakottu Peter |
| 30-Mar-15 | MON | Rev. Fr. Chungath Livin |
| 31-Mar-15 | TUE | Rev. Fr. Edathala George |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

### സ്കൊളാസ്റ്റിക് ടെസ്റ്റ്

മതാദ്ധ്യാപകരുടെ അറിവ് നവീകരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് മാതൃകയാകാനും രൂപത വിശ്വാസ പരിശീലനവേദി മതാദ്ധ്യപകർക്കുവേണ്ടിയൊരുക്കുന്ന ഒരു പരിശീലന സഹായിയാണ് സ്കൊളാസ്റ്റിക് ടെസ്റ്റ്. ബ്രാക്കറ്റിൽനിന്ന് തിരഞ്ഞെടുത്ത് എഴുതുന്നരീതിയിലുള്ള 100 ചോദ്യങ്ങളും 3 ചോദ്യങ്ങൾ രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുവാനുള്ള രീതിയിലാണ് ചോദ്യപേപ്പർ. ഈ ടെസ്റ്റ് 2015 മാർച്ച് 1–ാം തിയ്യതി ഞായറാഴ്ച രാവിലെ 10.00 മുതൽ 12.30 വരെ അതാത് യൂണിറ്റുകളിൽവെച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും സ്കൊളാസ്റ്റിക് ടെസ്റ്റ് നിർബന്ധമായും എഴുതേണ്ടതാണ്.

**പഠനഭാഗം :**

1. വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി (പേജ് 100 മുതൽ 143 വരെ) – 40%
2. വി. ലൂക്കായുടെ സുവിശേഷം (ലോഗോസ് പഠനഭാഗം) – 40%
3. യേശുവിന്റെ അധ്യാപനകല – 10%
4. സഭാസംബന്ധമായ പൊതുവിജ്ഞാനം – 10% (ജനപ്രകാശം (വേദപ്രകാശം പേജ്) 2014 ഒക്ടോബർ മുതൽ 2015 ഫെബ്രുവരി)

### ലോഗോസ് ക്വിസ് അവാർഡ് ദാനവും പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും

ലോഗോസ് ക്വിസ് അവാർഡ് ദാനവും സൺഡേ സ്കൂൾ പ്രധാന അധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും 2015 ജനുവരി 10 –ാം തിയ്യതി രാവിലെ 10 മുതൽ 12.30 വരെ നടന്നു. ലോഗോസ് അവാർഡ് ഡേയോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ രൂപതാദ്ധ്യക്ഷൻ ജേക്കബ് മനത്തോടത്ത് പിതാവ് പ്രധാനാദ്ധ്യാപകരെയും സെക്രട്ടറിമാരെയും അവാർഡ് ജേതാക്കളെയും അഭിസംബോധന ചെയ്ത് സംസാരിച്ചു. ലോഗോസ് ക്വിസ് സംസ്ഥാനതല രൂപതതല വിജയികൾ, മതാദ്ധ്യാപ സാഹിത്യ മത്സര വിജയികൾ, കൈയ്യെഴുത്ത് മാസിക വിജയികൾ, SMCC സംസ്ഥാനതല രൂപതാതല വിജയികൾ തുടങ്ങിയവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. മതബോധന ഡയറക്ടർ ഫാ. ജോമിസ് കൊടകശ്ശേരിൽ, അസി.

ഡയറക്ടർ ഫാ. ജോമി തേക്കുംകാട്ടിൽ, മതബോധന കൗൺസിൽ സെക്രട്ടറി ഫ്രാങ്കോ ജോസഫ് , സംസ്ഥാനതല നാലാം റാങ്ക് ജേതാവ് ലൈല ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. മീറ്റിംഗിന് ശേഷം ഡയറക്ടറച്ചൻ പ്രധാനാദ്ധ്യാപകരെയും സെക്രട്ടറിമാരെയും കണ്ട് സംസാരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഏകദേശം 200 പേരോളം പങ്കെടുത്തു.

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നല്കുക എന്ന ലക്ഷ്യത്തോടെ ആനമൂളി, നിരവ് എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**I to IX ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ **ഫെബ്രുവരി 22 ഞായറാഴ്ചയാണ്.**

**സൺഡേസ്ക്കൂൾ കേന്ദ്രീകൃത മൂല്യനിർണ്ണയം**

X, XII ക്ലാസ്സുകളിലെ ഉത്തരക്കടലാസുകളുടെ കേന്ദ്രീകൃതമൂല്യനിർണ്ണയം ഫെബ്രുവരി 8-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 മുതൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. 10-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും മൂല്യനിർണ്ണയക്യാമ്പിൽ സന്നിഹിതരാകേണ്ടതാണ്. മൂല്യനിർണ്ണയത്തിനു വരുമ്പോൾ അവരവർ പഠിപ്പിക്കുന്ന പാഠപുസ്തകവും കൊണ്ടുവരേണ്ടതാണ്. പ്രധാനാദ്ധ്യാപകർ അവരെ പറഞ്ഞയക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മൂല്യനിർണ്ണയത്തിന് വരുന്നവർക്കു വേണ്ടി വിശുദ്ധ കുർബ്ബാന പാസ്റ്ററൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

**റീ-എക്സാമിനേഷൻ**

HDC ക്ലാസുകളിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ - എക്സാമിനേഷൻ **ഏപ്രിൽ 12-ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും. ഏപ്രിൽ 13-ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. II HDC ക്ലാസിലെ റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ മാർച്ച് 3-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

IV, VII, X സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെ





ടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 8-ാംതിയ്യതി ഞായറാഴ്ചയാണ്. പള്ളിയുടെ ലെറ്റർപാഡിൽ എഴുതി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. IV, VII, X എന്നീക്ലാസ്സുകളിൽ നിന്ന് കുറഞ്ഞത് 70 ശതമാനമെങ്കിലും മാർക്കുള്ള 3 പേർക്ക് പങ്കെടുക്കാവുന്നതാണ്. **സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 11-ാം തിയ്യതി ശനിയാഴ്ച അതാതു ഫൊറോന കേന്ദ്രത്തിൽവച്ച് ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിലാണിതു നടക്കുക. ചോദ്യപേപ്പർ രൂപതാകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.**

(വിശ്വാസപരിശീലന കലണ്ടർ 35-ാം പേജ് കാണുക).

**പഠനഭാഗം**

**ക്ലാസ്സ് VII, X** : പാഠപുസ്തകം, ഉപപാഠം - 65 മാർക്ക്, ബൈബിൾ - 25 മാർക്ക് (ലേവ്യർ 1-14, ലൂക്കാ 1-12 അദ്ധ്യായങ്ങൾ), സഭാസംബന്ധമായ പൊതുവിജ്ഞാനം - 10 മാർക്ക്.

**ക്ലാസ്സ് IV** : പാഠപുസ്തകം, നമസ്ക്കാരം - 65 മാർക്ക്, പാഠപുസ്തകത്തിലെ ബൈബിൾ ഭാഗം - 25 മാർക്ക്, സഭാസംബന്ധമായ പൊതുവിജ്ഞാനം - 10 മാർക്ക്.

ഉത്തരക്കടലാസുകൾ ഏപ്രിൽ 13 ന് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

NB: ഫോൺ വഴിയുള്ള റജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

**സ്കോളർഷിപ്പ് പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന | ഫൊറോനപാരിഷ്ഹാൾ |
| മംഗലം ഡാം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മണ്ണാർക്കാട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മേലാർക്കോട് ഫൊറോന | ചിറ്റിലഞ്ചേരി പാരിഷ്ഹാൾ |
| ഒലവക്കോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| ഒറ്റപ്പാലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| പാലക്കാട് ഫൊറോന | കത്തിഡ്രൽ സ്കൂൾ |
| പൊന്നംകോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| തത്തമംഗലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| താവളം ഫൊറോന | കൂക്കംപാളയം സ്കൂൾ |

വടക്കഞ്ചേരി ഫൊറോന ചെറുപുഷ്പം സ്കൂൾ

**മൂല്യനിർണ്ണയം**

സ്കോളർഷിപ്പ് പരീക്ഷയുടെ മൂല്യനിർണ്ണയം ഏപ്രിൽ 26-ാം തിയ്യതി ഞായറാഴ്ച 10.00 am മുതൽ 4.00 pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. ടീച്ചേഴ്സ്, പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി **പാസ്റ്ററൽ സെന്ററിൽ** വച്ച് രണ്ട് ദിവസത്തെ ജീവിതദർശന ക്യാമ്പ് മതബോധന കേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ.
ക്യാമ്പുകൾ നടക്കുന്ന തിയ്യതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| മാർച്ച് 25,26 | വടക്കഞ്ചേരി ഫൊറോന |
| മാർച്ച് 27,28 | പാലക്കാട് ഫൊറോന |
| ഏപ്രിൽ 6,7 | ഒറ്റപ്പാലം ഫൊറോന |
| ഏപ്രിൽ 8,9 | താവളം ഫൊറോന(സ്ഥലം: താവളം പാരിഷ് ഹാൾ) |
| ഏപ്രിൽ 10,11 | മംഗലം ഡാം ഫൊറോന |
| ഏപ്രിൽ 13,14 | പൊന്നംകോട് ഫൊറോന |
| ഏപ്രിൽ 16,17 | മണ്ണാർക്കാട് ഫൊറോന |
| ഏപ്രിൽ 20,21 | ഒലവക്കോട്, മേലാർക്കോട് ഫൊറോനകൾ |
| ഏപ്രിൽ 23,24 | കാഞ്ഞിരപ്പുഴ, തത്തംമംഗലം ഫൊറോന |

ആദ്യദിവസം രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് **200 രൂപയാണ് രജി. ഫീസ്.**

**സൺഡേ സ്കൂൾ റിസൾട്ട്**

വേദപാഠ പരീക്ഷയുടെ റിസൾട്ട്(1 മുതൽ 9 ക്ലാസുകൾ) മാർച്ച് 8 ന് എല്ലാ സൺഡേ സ്കൂളുകളിലും പ്രസിദ്ധീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. രൂപതയിലെ എല്ലാ ഇടവകകളിലും ഒരേ ദിവസംതന്നെ റിസൾട്ട് പ്രസിദ്ധീകരിക്കാൻ വേണ്ടിയാണിത്.





**കുട്ടികളുടെ സാഹിത്യമത്സരം - ഫൊറോന ഫസ്റ്റ്**

**Essay Competition**

**UP Section**

| | | |
|---|---|---|
| Mangalam Dam | - | Bincy Biju, Mangalam Dam |
| Mannarkkad | - | Rojo George, Kandamanagalam |
| Melarcode | - | Alby Shaji, Melarcode |
| Palakkad | - | Linsha P A,Kodunthirapully |
| Ponnamkode | - | Aneeta Benny Ponnamkode |
| Thathamangaam | - | Alen K Thomas, Chittur PKD |
| Thavalam | - | Anju Job, Thrithwamala |
| Vadakkenchery | - | Jeslin Reji, Arogyapuram |

**HS Section**

| | | |
|---|---|---|
| Mangalam Dam | - | Namitha George, Mangalam Dam |
| Mannarkkad | - | Rose maria T B, Sreekrishnapuram |
| Melarcode | - | Mereena Paul, Pothundy |
| Olavakode | - | Asha Teresa, Olavakode |
| Ottappalam | - | Sona Mathew, Keralassery |
| Ponnamkode | - | Neethu SP, Arappara |
| Thathamangaam | - | Jebin Thomas, Thathamangalam |
| Thavalam | - | Minu T J, Thavalam |
| Vadakkenchery | - | Ashly Joy, Panamkutty |

**HSS Section**

| | | |
|---|---|---|
| Kanjirapuzha | - | Dilna Bose Irumbakachola |
| Mangalam Dam | - | Bijimol Joseph, Olippara |
| Mannarkkad | - | Aiby Soji , Edathanattukara |
| Melarcode | - | Feby Anto , Mlarcode |
| Olavakode | - | Angeleena Abraham, Pulappatta |
| Ponnamkode | - | Albert Francis, Ponnamkode |
| Thavalam | - | Kripa Catherin, Thrithwamala |
| Vadakkenchery | - | Filna Roy, Vachanagiri |

**Short Story Competition**

**UP Section**

| | | |
|---|---|---|
| Kanjirapuzha | - | Sebin Siby, Kanjirapuzha Dam |
| Mangalam Dam | - | Nivya Reji, Mangalam Dam |
| Palakkad | - | Adarsh John, Dhoni |
| Ponnamkode | - | Angela Maria Sunny, Ponnamkode |
| Thavalam | - | Cripseena Mathew, Agali |
| Vadakkenchery | - | Akhila Benny, Vadakkenchery |

**HS Section**

| | | |
|---|---|---|
| Kanjirapuzha | - | Nilda K J, Cheenickapara |
| Mannarkkad | - | Seena Babu, Kaithachira |
| Melarcode | - | Aleena Mathew, Pothundy |
| Olavakode | - | Roshan Joseph, Dhoni |
| Palakkad | - | Mary Parayil, Cathedral |
| Ponnamkode | - | Neethu SP, Arappara |
| Thathamangalam | - | Arun Mani, Thathamangalam |
| Vadakkenchery | - | Jomy Johny, Palakuzhy |

**HSS Section**

| | | |
|---|---|---|
| Kanjirapuzha | - | Sona Johny, Cheenickapara |
| Mannarkkad | - | Mariya Saju, Mannarkkad |
| Melarcode | - | Linta Mathew, Melarcode |
| Olavakode | - | Joseni Joseph, Pulappatta |
| Ottappalam | - | Anu K Baby, Keralassery |
| Palakkad | - | Alby Joseph, Walayar |
| Vadakkenchery | - | Meril K Shaji, Valkulambu |

ഫൊറോന തലത്തിൽ ഒന്നാം സമ്മാനാർഹരായവർ ഫലമറിഞ്ഞുകഴിഞ്ഞാലുടൻ രൂപതാകേന്ദ്രത്തിൽ നിന്നും സമ്മാനങ്ങൾ കൈപ്പറ്റേണ്ടതാണ്.

**പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

എല്ലാ പള്ളിയിലേയും പ്രധാന അദ്ധ്യാപകർ അതാത് പള്ളിയിലെ മതാദ്ധ്യാപകരുടെ പേര്, രജിസ്ട്രർ നമ്പർ മറ്റു അനുബന്ധകാര്യങ്ങൾ തുടങ്ങിയവ ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാ രജിസ്ട്രറിൽ ഉൾപ്പെടുത്തി നിരന്തരം അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.





**വെബ്ബ് എൻട്രി :** തങ്ങളുടെ യൂണിറ്റിലെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റാ കളക്ട് ചെയ്ത് കാറ്റകിസം വെബ്ബ്സൈറ്റിൽ ചേർക്കേണ്ടതായിട്ടുണ്ട്. ചില ഇടവകകളിൽ ഇക്കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും എല്ലായിടത്തും ഇക്കാര്യങ്ങൾ ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇതിനുവേണ്ടി പ്രധാനാദ്ധ്യാപകർ ഇടവകയിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആരെയെങ്കിലും നിയോഗിച്ച് കാര്യങ്ങൾ അപ്ഡേറ്റ് ചെയ്ത് വിശ്വാസപരിശീലനം സുഗമമാക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ കാര്യം ചെയ്യുന്നയാളുടെ ഫോൺ നമ്പർ കാറ്റകിസം ഓഫീസിൽ അറിയിക്കാൻ ശ്രദ്ധിക്കണം.

**റെഗുലർ സ്കൂൾ വിശ്വാസ - ധാർമ്മിക പരിശീലന വാർത്തകൾ**

**റെഗുലർ സ്കൂൾ വാർഷിക പരീക്ഷ**

I മുതൽ IX ക്ലാസ്സുകാരുടെ വാർഷിക പരീക്ഷ 2015 ഫെബ്രുവരി 6-ാം തിയ്യതി വെള്ളിയാഴ്ച നടത്തപ്പെടുന്നതാണ്.

**സ്കൂൾ കാറ്റിക്കിസം സന്മാർഗശാസ്ത്രം സ്കോളർഷിപ്പ്**

IV, VII, X, XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള(കുറഞ്ഞത് 70% മാർക്ക്) മൂന്ന് കുട്ടികൾക്ക് സ്കോളർഷിപ്പിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 3-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ സ്ക്കൂളിന്റെ ലെറ്റർപാഡിൽ എഴുതി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 1-ാം തിയ്യതി ബുധനാഴ്ച 10.00 മണി മുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു.
NB: ഫോൺ വഴിയുള്ള റജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

**പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| പാലക്കാട് മേഖല | കാണിക്കമാതാ സ്കൂൾ |
| മണ്ണാർക്കാട് മേഖല | ഹോളിഫാമിലി സ്കൂൾ പൊന്നംകോട് |
| വടക്കഞ്ചേരി മേഖല | ചെറുപുഷ്പം സ്കൂൾ വടക്കഞ്ചേരി |
| താവളം മേഖല | സെന്റ് പീറ്റേഴ്സ് സ്കൂൾ കൂക്കംപാളയം |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## സ്റ്റാർസ്

Blogspot: starspalghat.blogspot.in

ജനുവരി മാസത്തിലെ എല്ലാ ബാച്ചുകാർക്കുമുള്ള പ്രതിമാസ മുഖാഭിമുഖ പരിശീലനപരിപാടി ജനുവരി 26 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ഫാ. ജോമിസ് കൊടകശ്ശേരിൽ, ഫാ. ജോമി തേക്കുംകാട്ടിൽ, ടോജോ സാർ, ടോണി സാർ, ആഷ ടീച്ചർ എന്നിവർ ക്ലാസ്സുകൾ എടുത്തു. **വാർഷികപരീക്ഷയായതിനാൽ ഫെബ്രുവരി മാസത്തെ മുഖാഭിമുഖ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതല്ല.**

**സെലക്ഷൻ ക്യാമ്പ്**

പുതിയബാച്ചിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്കുള്ള മൂന്നാമത്തെ സെലക്ഷൻ ക്യാമ്പ് ജനുവരി 24 ശനി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. സഹകരിച്ച എല്ലാവർക്കും നന്ദി.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ

## ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് അവാർഡ് ഡേ**

ജനുവരി 10-ാം തീയ്യതി ലോഗോസ് അവാർഡ് ഡേ ആയി ആഘോഷിച്ചു. രാവിലെ 10 മണിക്ക് നടന്ന മീറ്റിംഗിൽ വച്ച് ലോഗോസ് 2014ലെ വിജയികൾക്കുള്ള സമ്മാനദാനം പാലക്കാട് രൂപതാദ്ധ്യക്ഷൻ ജേക്കബ് മനത്തോടത്ത് പിതാവ് നിർവ്വഹിച്ചു. രൂപതാതലത്തിൽ 1 മുതൽ 5 വരെ റാങ്കുകൾ ലഭിച്ചവർക്കും സൺഡേ സ്കൂൾ തലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസിലെയും 1,2,3 സ്ഥാനക്കാർക്കും സമ്മാനങ്ങൾ നൽകി. കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചവർക്കും, ആനുപാതികമായി കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചവർക്കും, 100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കും ഉള്ള ട്രോഫികൾ വിതരണം ചെയ്തു. A വിഭാഗത്തിൽ 60% ത്തിൽ കൂടുതൽ ലഭിച്ചവർക്കും B,C,D,E,F വിഭാഗങ്ങളിൽ 70% ത്തിൽ കൂടുതൽ ലഭിച്ചവർക്കുമുള്ള സർട്ടിഫിക്കറ്റുകളും നൽകി.





**ലോഗോസ് ക്വിസ് 2015**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ്ക്വിസ് സെപ്തംബർ 27, 2 മണി മുതൽ 3.30 വരെയും സംസ്ഥാനതല ലോഗോസ്ക്വിസ് നവംബർ 28, 29 തിയ്യതികളിലുമായിരിക്കും.

**പഠനഭാഗം**

1. സംഖ്യ 1 – 10
2. സുഭാഷിതങ്ങൾ 1 – 9
3. യോഹന്നാൻ 1 – 12
4. യൂദാസിന്റെ ലേഖനം

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

## തിരുബാലസഖ്യം

Blogspot: www.holychildhoodpalghat.blogspot.in

**രൂപതാ കലോത്സവം സമാപിച്ചു**

തിരുബാലസഖ്യം രൂപതാ കലോത്സവം 2015 ജനുവരി 3-ാം തിയ്യതി ശനിയാഴ്ച ഉത്ഘാടനം ചെയ്തു. രൂപതയിലെ 11 ഫൊറോനകളിൽ നിന്ന് വന്ന കുട്ടികൾ മാറ്റുരച്ച മത്സരത്തിൽ വിജയികളായവർക്ക് കാറ്റിക്കിസം ഡയറക്ടർ ഫാ. ജോമിസ് കൊടകശ്ശേരി ആശംസകൾ നേരുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു. തിരുബാലസഖ്യം രൂപത ആനിമേറ്റർ സി. നിത്യ CHF, ഫൊറോന ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി. പങ്കെടുത്ത എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ .

**തിരുബാലസഖ്യം രൂപതാ കലോത്സവം 2014-2015 വിജയികൾ**

**ലളിതഗാനം ജൂനിയർ**

| Prize | പേര് | ഇടവക |
|---|---|---|
| First | അലൻ മാത്യു | കല്ലേക്കാട് |
| Second | ഡിയ | കൊഴിഞ്ഞാമ്പാറ |
| Third | ആൻഡ്രിയ ജോസ് | ഇളവാംപാടം |

**ആക്ഷൻ സോംഗ് ജൂനിയർ**

| | | |
|---|---|---|
| First | നിജിത ക്രിസ്തുദാസ് & ടീം | ജെല്ലിപ്പാറ |
| Second | ജെസ്വിൻ ബേബി & ടീം | പെരിമ്പടാരി |
| Third | എയ്ഞ്ചലീന & ടീം | ഒലവക്കോട് |

**ബൈബിൾ കഥ പറയൽ ജൂനിയർ**

| | | |
|---|---|---|
| First | എഡ്വിൻ ജോയി | കാരറ |
| Second | ജോർജ് ജോഷി | കഞ്ചിക്കോട് |
| Third | ആൻഫിയ | കാഞ്ഞിരപ്പുഴ |

**പ്രസംഗം ജൂനിയർ**

| | | |
|---|---|---|
| First | വർഷ | ഒലവക്കോട് |
| Second | അഭിഷാ ഷിലു | കോട്ടത്തറ |
| Third | എഡ്വിൻ ജോയ് | കാരറ |

**ലളിതഗാനം സീനിയേഴ്സ്**

| | | |
|---|---|---|
| First | നിതിൻ ദാസ് | കഞ്ചിക്കോട് |
| Second | സാറ | കണ്ടമംഗലം |
| Third | സിയ മാത്യു | ഒറ്റപ്പാലം |

**ഗ്രൂപ്പ്സോംഗ് സീനിയേഴ്സ്**

| | | |
|---|---|---|
| First | ജീവ മേരി ജോസ് & ടീം | രാജഗിരി |
| Second | ദിയ സെബാസ്റ്റ്യൻ & ടീം | ജെല്ലിപ്പാറ |
| Third | ഡോൺ ആന്റോ സുനിൽ & ടീം | ഒലവക്കോട് |

**ആക്ഷൻസോംഗ് സീനിയേഴ്സ്**

| | | |
|---|---|---|
| First | ആൻ അലക്സ് & ടീം | കത്തീഡ്രൽ |
| Second | റിയ മരിയ റോബി & ടീം | ജെല്ലിപ്പാറ |
| Third | ടെസ്‌ലി ജോഷി & ടീം | പെരിമ്പടാരി |

**ബൈബിൾ വാക്യങ്ങൾ എഴുതൽ സീനിയേഴ്സ്**

| | | |
|---|---|---|
| First | ഹണിമത ജോൺ | ഒലവക്കോട് |
| Second | നിതിൻ ബിനോയ് | ഒലവക്കോട് |
| Third | അലീന ജോബ് | കല്ലേക്കാട് |





**പ്രസംഗം സീനിയേഴ്സ്**

| | | |
|---|---|---|
| First | നിതിൻ ബിനോയ് | ഒലവക്കോട് |
| Second | സാന്റോ ജോഷി | കേരളശേരി |
| Third | ഡെറിൻ ലൂക്ക് | മേലാർക്കോട് |

**കൂടുതൽ പോയിന്റ് കിട്ടിയ ഫൊറോന (ജൂനിയർ)**

| | |
|---|---|
| First | താവളം |
| Second | ഒലവക്കോട് |
| Third | പാലക്കാട് |

**കൂടുതൽ പോയിന്റ് കിട്ടിയ ഫൊറോന (സീനിയേഴ്സ്)**

| | |
|---|---|
| First | ഒലവക്കോട് |
| Second | പാലക്കാട് |
| Third | താവളം |

**കൂടുതൽ പോയിന്റ് കിട്ടിയ ഇടവക (ജൂനിയർ)**

| | |
|---|---|
| First | ഒലവക്കോട്, ജെല്ലിപ്പാറ |

**കൂടുതൽ പോയിന്റ് കിട്ടിയ ഇടവക (സീനിയേഴ്സ്)**

| | |
|---|---|
| First | ഒലവക്കോട് |

**നന്ദി**

രൂപതാ കലോത്സവത്തിന്റെ നടത്തിപ്പിനായി സഹായിച്ച രൂപതാ ആനിമേറ്റർ സി. നിത്യ CHF, ബ്ര. ജോസഫ്, മിസ്. ആഗ്നസ് ഷൊർണൂർ, മിസ്. അനു അലക്സ്, സി. അരുണ CSN എന്നിവർക്കും വിധിനിർണ്ണയത്തിനായി സഹായിച്ച എല്ലാ ജഡ്ജസിനും നന്ദി.

**തിരുബാലസഖ്യ ദിനം - ഫെബ്രുവരി 8 ഞായർ**

തിരുബാലസഖ്യ ദിനം എല്ലാവർഷവും ഫെബ്രുവരി മാസം രണ്ടാമത്തെ ഞായറാഴ്ചയാണ് ആചരിക്കുന്നത്. അന്നേ ദിവസം കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനും അവർക്ക് ആശംസകൾ നേരാനും നമുക്ക് ഉപയോഗിക്കാം. വി. കുർബാന കുഞ്ഞുങ്ങൾക്കുവേണ്ടി അർപ്പിക്കുകയും സൺഡേ സ്കൂൾ കേന്ദ്രീകരിച്ച് കലാപരിപാടികൾ നടത്തുകയും ചെയ്യുന്നത് ഉചിതമാണ്. ഇതിനോടനുബന്ധിച്ച് പോസ്റ്ററുകൾ രൂപതാകേന്ദ്രത്തിൽ ലഭ്യമാണ്. അന്നേ ദിവസം മനോഹരമാക്കുവാൻ ബഹു. ആനിമേറ്റേഴ്സും അച്ചന്മാരും ശ്രദ്ധിക്കുമല്ലോ. എല്ലാ കുഞ്ഞുങ്ങൾക്കും തിരുബാലസഖ്യദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു."മറ്റുള്ളവരുമായി പങ്ക് വെച്ച് കൊണ്ട് നിങ്ങളുടെ

വിശ്വാസം ജീവിക്കുക." എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**തിരുബാലസഖ്യം കളക്ഷൻ**

കുഞ്ഞുങ്ങൾക്കായുള്ള നമ്മുടെ സംഘടനയുടെ പ്രധാന ലക്ഷ്യം കുഞ്ഞുങ്ങളെ സഹായിക്കലാണ്. കുഞ്ഞുങ്ങൾ സമാഹരിക്കുന്ന ഓരോ ചില്ലിക്കാശും സമാഹരിച്ച് തിരുബാലസഖ്യത്തിന്റെ രക്ഷാധികാരിയായ മാർപാപ്പയ്ക്ക് എല്ലാ വർഷവും അയച്ച് കൊടുക്കേണ്ടതാണ്. അതിനാൽ ഈ വർഷം തിരുബാലസഖ്യദിനം ആചരിക്കുന്ന ദിനത്തിൽ ഇടവകയിൽ നടത്തുന്ന സ്തോത്രകാഴ്ചയിൽ ലഭിക്കുന്ന തുകയും, ഈ വർഷം കുട്ടികൾ സമാഹരിച്ച തുകയും ആനിമേറ്റേഴ്സിന്റെ കൈയ്യിൽ ലീഡേഴ്സ് മീറ്റിനായി വരുമ്പോൾ കൊടുത്തുവിട്ട് രസീത് വാങ്ങേണ്ടതാണ്. ഇക്കാര്യം ബഹു. അച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

**വിജയാശംസകൾ**

പരീക്ഷക്കായി ഒരുങ്ങുന്ന എല്ലാ കുട്ടികൾക്കും പ്രാർത്ഥനാപൂർവ്വം വിജയാശംസകൾ നേരുന്നു.

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ് ഫെബ്രുവരി 14 ശനി**

തിരുബാലസഖ്യം ആനിമേറ്റേഴ്സിന്റെയും ലീഡേഴ്സിന്റെയും മീറ്റിംഗും 2015-2016 പ്രവർത്തനവർഷ ഉത്ഘാടനവും 2015 ഫെബ്രുവരി 14-ാം തിയ്യതി രണ്ടാം ശനിയാഴ്ച രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.

**പങ്കെടുക്കേണ്ടവർ**

ഓരോ ഇടവകയിലെയും തിരുബാലസഖ്യം ആനിമേറ്റർ
ഓരോ ഇടവകയിലെയും തിരുബാലസഖ്യത്തിന്റെ ലീഡേഴ്സ് 5 പേർ.

**കൊണ്ടുവരേണ്ടവ**

ഈ വർഷം കുട്ടികൾ സമാഹരിച്ച തുക

തിരുബാലസഖ്യദിനം (ഫെബ്രു. 8) ഇടവകയിൽ ആചരിച്ചപ്പോൾ ലഭിച്ച സ്തോത്രകാഴ്ച (ഇവയുടെ രസീത് അന്ന് തന്നെ നലകുന്നതാണ്.)

**സമയം**

രാവിലെ 10 മുതൽ വൈകുന്നേരം 3.30 വരെ. എല്ലാവരും പങ്കെടുക്കുവാൻ ശ്രദ്ധിക്കുക.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം





## അൾത്താരസംഘം

Blogspot: abapalghat.blogspot.in

**പ്രവർത്തനവർഷം ഉദ്ഘാടനം**

അൾത്താരസംഘം തിരുബാലസഖ്യം പുതിയ പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി മാസം 14-ാം തിയ്യതി ശനിയാഴ്ച 9.30 മുതൽ 3.30 വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ ഓരോ ഇടവകയിലെയും ABA ആനിമേറ്റേഴ്സ്, ഭാരവാഹികൾ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ.സെക്രട്ടറി,ട്രഷർ) എന്നിവർ പങ്കെടുക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

## ചെറുപുഷ്പ മിഷൻ ലീഗ്

**അവർണ്ണനീയമായ ദാനങ്ങൾക്ക് ദൈവത്തിനു സ്തുതി**

ഈശോയിൽ പ്രിയ കുഞ്ഞുമിഷനറിമാരെ, പുതിയ പ്രതീക്ഷകളും പ്രതിജ്ഞകളുമായി ഏറെ സന്തോഷത്തോടെയാണ് ഈ പുതിയ വർഷത്തിലൂടെ നാം കടന്നുപോകുന്നത്. നമ്മെ അനുഗ്രഹിച്ച നല്ലതമ്പുരാന് നന്ദി പറയാം. കൂടുതൽ വിശ്വാസത്തോടെയും പരസ്പര സ്നേഹത്തോടെയും നമുക്ക് കർമ്മവീഥിയിൽ മുന്നേറാൻ പരിശ്രമിക്കാം.

**വിഷൻ മീറ്റ് 2015**

പുതിയ വർഷത്തിൽ നമ്മുടെ സംഘടനയെ കൂടുതൽ ഉണർവ്വുള്ളതാക്കുന്നതിന് സംഘടനയുടെ ശാഖാ-മേഖലാ ആനിമേറ്റേഴ്സിനുവേണ്ടി വിഷൻ മീറ്റ് 2015 എന്ന പ്രോഗ്രാം ധോണി മരിയൻ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. ഈ വരുന്ന മാർച്ച് 15-ാം തിയ്യതി ഞായറാഴ്ച വൈകിട്ട് 5 മുതൽ 20-ാം തിയ്യതി രാവിലെ അവസാനിക്കുന്ന പ്രോഗ്രാമിൽ എല്ലാ ശാഖാ മേഖലാ ആനിമേറ്റേഴ്സ് നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ സർക്കുലർ വഴി ശാഖകളിലേക്ക് അറിയിക്കുന്നതാണ്. പങ്കെടുക്കുന്നവർ ശാഖാ മേഖലാ ഡയറക്ടർമാർ മുഖേന രൂപതാ ഡയറക്ടറെ അറിയിക്കേണ്ടതാണ്. ഇപ്പോൾ ആനിമേറ്റർമാരായി പ്രവർത്തിക്കുന്നവരെ

കൂടാതെ സംഘടനയുടെ ആനിമേറ്ററായി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന വർക്കും ഈ ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്.

ഈ മാസത്തിൽ പരീക്ഷയ്ക്കായി ഒരുങ്ങുന്നവരെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കുകയും പഠനത്തിൽ പരസ്പരം പ്രോത്സാഹിപ്പിക്കു കയും ചെയ്ത് ഉന്നതവിജയം കരസ്ഥമാക്കാൻ പരിശ്രമിക്കാം.

**കർമ്മപരിപാടികൾ - ഫെബ്രുവരി**

8 ഞായർ : തിരുബാലസഖ്യദിനം, മിഷൻലീഗ് അംഗങ്ങൾ ശാഖകളിൽ ഒന്നി ച്ചുകൂടി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.

15 ഞായർ: വലിയനോമ്പാരംഭം. ഉത്ഥാനചൈതന്യത്താൽ നിറയാൻ പ്രാർഥി ച്ചൊരുങ്ങുക.

**അനുബന്ധ പ്രവർത്തനങ്ങൾ**

* പ്രാർത്ഥനാനിയോഗം: പരീക്ഷയ്ക്കൊരുങ്ങുന്ന വിദ്യാർത്ഥികൾക്കുവേണ്ടി

**സുകൃതജപം**

"പരിശുദ്ധാത്മാവേ, എന്റെ ജ്ഞാനം വർദ്ധിപ്പിക്കണമേ".

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ

## കെ. സി. വൈ. എം

**വാർഷിക സെനറ്റ്**

2015 ജനുവരി 9, 10 തിയ്യതികളിൽ യുവക്ഷേത്ര കോളേജിൽ വെച്ച് വാർഷിക സെനറ്റ് നടന്നു. 100 ഓളം പ്രതിനിധികൾ പങ്കെടുത്ത സെനറ്റിന് രൂപത പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ പതാക ഉയർത്തി ആരംഭം കുറിച്ചു. ബഹു. രൂപത ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനം യുവക്ഷേത്ര കോളേജ് ഡയറക്ടർ ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിന് ഡയറക്ടർ ആമുഖം പറ ഞ്ഞു. ജിം പ്രസ്സിന്റെ ഡയറക്ടർ ഫാ. സജി വട്ടുകുളം മുഖ്യപ്രഭാഷണം നടത്തി. ആനിമേറ്റർ സി. ആൻഗ്രേസ് CHF, രൂപത വൈസ് പ്രസിഡന്റ് കുമാരി ആഗ്നസ് എന്നിവർ ആശംസകളർപ്പിച്ചു. രുപത ജന. സെക്രട്ടറി ശ്രീ. എബിൻ കണിവയലിൽ സ്വാഗതമാശംസിച്ച സമ്മേളനത്തിന് ട്രഷറർ ജുബിൻ ജോസ് നന്ദി പറഞ്ഞു.

സെനറ്റിൽ ഫൊറോനകൾ തങ്ങളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. രൂപത വാർഷിക റിപ്പോർട്ട് ജന. സെക്രട്ടറി എബിൻ കണിവയലിലും രൂപത





വാർഷിക കണക്ക് ട്രഷറർ ജുബിൻ ജോസും സെനറ്റിൽ അവതരിപ്പിച്ച് പാസ്സാക്കി. അതിനുശേഷം സംഘടനാ ചർച്ചകൾ നടന്നു. തുടർന്ന് നടന്ന സംഘടനാ തിരഞ്ഞെടുപ്പിന് ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ നേതൃത്വം നൽകി. മുൻ രൂപത പ്രസിഡന്റുമാരായ ശ്രീ. സന്തോഷ് അറയ്ക്കൽ, ശ്രീ. പ്രിൻസ് കളമ്പുകാട്ടിൽ, ശ്രീ. ഉല്ലാസ് എന്നിവർ അച്ചൻമാരെ സഹായിച്ചു.

**നവസാരഥികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | എബിൻ കണിവയലിൽ (കാഞ്ഞിരപ്പുഴ) |
| ജനറൽ സെക്രട്ടറി | : | ഗ്ലോഡിൻ ജോസ് (പൊന്നംകോട്) |
| വൈസ് പ്രസിഡന്റുമാർ | : | ജാക്ക് ഫ്രാൻസിസ് (പാലക്കാട്) |
| | : | ആഗ്നസ് ലോറൻസ് (ഒറ്റപ്പാലം) |
| സെക്രട്ടറിമാർ | : | മനു തോമസ് (ഒലവക്കോട് ) |
| | : | ഡിംപിൾ ജോൺ (പൊന്നംകോട്) |
| | : | റോസ്മോൾ (പാലക്കാട്) |
| ട്രഷറർ | : | ജുബിൻ കെ. ജോസ് (ഒലവക്കോട്) |

സെനറ്റിൽ വെച്ച് നിയുക്ത രൂപത പ്രസിഡന്റ് ശ്രീ. എബിൻ കണിവ യലിൽ നയപ്രഖ്യാപനം നടത്തി. നിയുക്ത രൂപത ജന. സെക്രട്ടറി ശ്രീ. ഗ്ലോഡിൻ ജോസ് സെനറ്റിന് നന്ദി പറഞ്ഞു. സെനറ്റിൽ വെച്ച് 2014 പ്രവർത്തന വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച ഫൊറോനയാ യി കാഞ്ഞിരപ്പുഴ ഫൊറോന തിരഞ്ഞെടുക്കപ്പെട്ടു. രൂപത സംഘടിപ്പിച്ച ഷോർട്ട് ഫിലിം മത്സരത്തിൽ കത്തീഡ്രൽ യൂണിററ് 1-ാം സ്ഥാനവും ഷോളയൂർ 2-ാം സ്ഥാനവും കല്ലേക്കാട് 3-ാം സ്ഥാനവും കരസ്ഥമാക്കി.

**സ്നേഹസംഗമം സമാപിച്ചു**

പാലക്കാട് രൂപതയിലെ കെ.സി.വൈ.എം. പ്രസ്ഥാനത്തെ കഴിഞ്ഞ കാലങ്ങളിൽ ചടുലതയോടെ നയിച്ച മുൻകാല നേതാക്കളുടെ സംഗമം 2015 ജനുവരി 25, 26 തിയ്യതികളിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. പാലക്കാട് രൂപത മെത്രാൻ അഭിവന്ദ്യ മാർ. ജേക്കബ് മനത്തോടത്ത് പിതാവ് സ്നേഹസംഗമം ഉദ്ഘാടനം ചെയ്തു. KCYM സംസ്ഥാന പ്രസിഡന്റ് ഷൈൻ ആന്റണി മുഖ്യപ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ ആമുഖപ്രസംഗം നടത്തി പ്രസിഡന്റ് ഷിജുകുര്യൻ സ്വാഗത വും ജനറൽ സെക്രട്ടറി എബിൻ കണിവയലിൽ നന്ദിയും രേഖപ്പെടുത്തി. മുൻകാല നേതാക്കളുടെ അനുഭവങ്ങളും ആശയങ്ങളും പുതിയ KCYM നേതാക്കളെ ഏറെ ഉത്സാഹിപ്പിച്ചു. KCYM-ന്റെ ഇനിയുള്ള പ്രവർത്തനങ്ങൾ എപ്രകാരമായിക്കണമെന്ന് സംഗമം ചർച്ച ചെയ്തു.

**illumine 2014**

പുൽക്കൂടിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് പാവപ്പെട്ടവരെ സഹായിക്കുന്നതിനായി KCYM യുവജനങ്ങൾ മുന്നിട്ടിറങ്ങുന്നു. രൂപതാ

തിർത്തിയിൽപ്പെട്ട പാവപ്പെട്ടവർക്ക് സൗജന്യ ഇൻഷുറൻസ് പരിരക്ഷ യുവജനങ്ങളുടെ ക്രിസ്തുമസ്സ് നോമ്പുകാലത്തെ ത്യാഗമായി നാം സമർപ്പിക്കുകയാണ്. ഇതിനുവേണ്ടി രൂപതയിലെ എല്ലാ യുവജനങ്ങൾക്കും കവറുകൾ തന്നിട്ടുണ്ട്. പ്രസ്തുത കവറിൽ തങ്ങളാൽ കഴിയുന്ന തുക നിക്ഷേപിച്ച് ഫൊറോന പ്രസിഡന്റുമാർ വഴി ഫെബ്രുവരി 5 നു മുൻപായി രൂപതയിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വികസന ഉപവി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലൂടെ യുവത്വത്തിന് സാമ്പത്തിക സാമൂഹിക സേവന മേഖലകളിൽ കൃത്യമായ ദിശാദർശനം നൽകുവാനും നമുക്ക് സാധിക്കും. ഈ കാരുണ്യ പ്രവർത്തനത്തിന് എല്ലാ വൈദികരുടെയും ആനിമേറ്റേഴ്സിന്റെയും യുവജനങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

**അഭിനന്ദനങ്ങൾ**

സംസ്ഥാന ഉത്സവിൽ ചെറുകഥാ രചനയിൽ ജോമോൻ കെ. ജെ. (ഇരുമ്പകച്ചോല) 1-ാം സ്ഥാനവും നാടോടി നൃത്തത്തിൽ അമല മരിയ (പാലക്കയം) 2-ാം സ്ഥാനവും ലളിത ഗാന മത്സരത്തിൽ ജിജോ കെ. ജെ. (ഇരുമ്പകച്ചോല), നിഷ (പാലക്കയം) എന്നിവർ A ഗ്രേഡും കരസ്ഥമാക്കി. വിജയികൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും.

**ഫാ. സീജോ കാരിക്കാട്ടിൽ**
ഡയറക്ടർ

## ജീസസ് യൂത്ത്

The FACE – **നന്ദി**

ഈശോയുടെ തിരുമുഖം ദൃശ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപതയിലെ യുവതീയുവാക്കൾക്കായി ജനുവരി 23, 24, 25, 26 തിയ്യതികളിലായി യുവക്ഷേത്ര കോളേജിൽ വച്ച് നടത്തപ്പെട്ട പ്രോഗ്രാമാണ് The FACE. 260 പേർ പങ്കെടുത്ത പ്രോഗ്രാം യുവജനങ്ങളുടെ ഇടയിൽ ആത്മീയ ഉണർവ്വും ആവേശവുമായി മാറി. തങ്ങളുടെ യഥാർത്ഥ ദൈവീകഛായ തിരിച്ചറിയാനും അത് വീണ്ടെടുക്കാനും ലോകത്തിൽ പ്രകാശിപ്പിക്കാനുമുള്ള പരിശ്രമങ്ങളായിരുന്നു ഈ ദിവസങ്ങളിലത്രയും. 25-ാം തിയ്യതി അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകിയത് പ്രോഗ്രാമിന് കൂടുതൽ അഭിഷേകം പകർന്നു.

ജീസസ് യൂത്ത് ഓൾ കേരള കോർഡിനേറ്റർ സിൻജോ പി.കെ., ഓൾ കേരള ഫുൾടൈമർ കാരിസ് സേവ്യർ, ആന്റണി എ.കെ., പാലക്കാട് ഫുൾടൈമർ അനുമോൾ അലക്സ് എന്നിവരുടെ സഹകരണത്തോടെ നടന്ന ഈ പ്രോഗ്രാമിൽ ശ്രീ. ജിന്റോ മാത്യു, ശ്രീ. ജിജോ കല്ലൂർ, ശ്രീ. ജോബി തേർമഠം,





ശ്രീ. ശശി ഇമ്മാനുവൽ, അഡ്വ. റൈജു വർഗ്ഗീസ്, ഫാ. റെന്നി പുല്ലുകാലായിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സ്കിറ്റ്, ഡാൻസ്, ഫ്ളാഷ് മോബ് തുടങ്ങിയ കലാപരിപാടികളും വിവിധ ഗ്രൂപ്പുകളിലായി നടന്ന ചർച്ചകളും പഠനങ്ങളും പങ്കുവയ്ക്കലുകളും കുമ്പസാരം, കൗൺസിലിംഗ്, വി. കുർബാന, ആരാധന, അഭിഷേക പ്രാർത്ഥന തുടങ്ങിയ ശുശ്രൂഷകളും ജപമാല പ്രദക്ഷിണവും ഈ പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാവരുടെയും ജീവിതനവീകരണത്തിന് കാരണമായി. പാലക്കാട് ജീസസ് യൂത്ത് മ്യൂസിക് ബാന്റ് 'ബീറ്റ്സ് ഓഫ് എയ്ഞ്ചൽസ്'ന്റെ സംഗീതവിരുന്നും ഡെക്കറേഷനായി സഹായിച്ചവരുടെ സഹകരണവും ഈ പ്രോഗ്രാമിന് ആദ്യാവസാനം കൂടുതൽ നിറം നൽകി.

ജീസസ് യൂത്ത് ഫാമിലി മിനിസ്ട്രിയുടെ ആത്മാർത്ഥമായ പ്രോത്സാഹനവും പ്രാർത്ഥനയുമാണ് പ്രോഗ്രാമിന്റെ മികച്ച സംഘാടനത്തിന് നിദാനമായത്. ഇതിനുവേണ്ട ക്രമീകരണങ്ങൾ നടത്തിയ എല്ലാവർക്കും പ്രത്യേകിച്ച് യുവതീയുവാക്കളെ അയച്ച എല്ലാ ഇടവക വികാരിമാർക്കും സ്ഥാപനാധികാരികൾക്കും കൂടാതെ എല്ലാവിധ സൗകര്യങ്ങളും നല്കിയ യുവക്ഷേത്ര കോളേജിലെ അധികാരികൾക്കും ഹൃദ്യമായ നന്ദി.

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ

## മാതൃസംഘം

**യൂണിറ്റ് അഫിലിയേഷൻ റിന്യൂവൽ**

യൂണിറ്റ് അഫിലിയേഷൻ പുതുക്കുന്നത് സാധാരണയായി ജനുവരി മാസത്തിലാണല്ലോ. രൂപതാകേന്ദ്രത്തിൽ നിന്നും നൽകപ്പെടുന്ന ഫോമിൽ അത് നൽകേണ്ടതാണ്. ഫെബ്രുവരി 15 നു മുൻപായി അഫിലിയേഷൻ പുതുക്കാത്ത യൂണിറ്റുകളുടെ അഫിലിയേഷൻ റദ്ദാക്കപ്പെടും. അഫിലിയേഷൻ റിന്യൂവൽ ഫീസായ 75 രൂപ അടയ്ക്കേണ്ടതാണ്.

2014 ൽ ഓരോ അംഗത്തിനും 10 രൂപ വച്ച് അഫിലിയേഷൻ ഫീ നൽകാത്തവർ ഈ വർഷം അത് നൽകി മാത്രമേ പുതുക്കാനാവൂ.

**ഫാ. ബിനു പൊൻകാട്ടിൽ**
ഡയറക്ടർ

## അസ്സോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH)

**കണക്കവതരണം**

രൂപതയിലെ എല്ലാ ഓർഫനേജുകളുടെയും കണക്കുകൾ ഫെബ്രുവരി മാസത്തിലെ അവസാന ആഴ്ചയിൽ രൂപതയിൽ അവതരിപ്പിക്കേണ്ടതിനാൽ അതുവരെയുള്ള കണക്കുവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്.

**അഭിനന്ദനവും നന്ദിയും**

ഓൾഡ് എയ്ജ് ഹോം ടേക്കേഴ്സിനുള്ള ഒരു മാസത്തെ കോഴ്സിൽ പങ്കെടുക്കുകയും സർട്ടിഫിക്കറ്റ് സ്വന്തമാക്കുകയും ചെയ്ത റവ. സി. ജെൻസി എഫ്.സി.സി.യ്ക്ക് അഭിനന്ദനങ്ങളും നന്ദിയും.

തിരുവനന്തപുരത്തുവെച്ച് നടന്ന നാലുദിവസത്തെ ഓൾഡ് എയ്ജ് ഹോം ടേക്കേഴ്സിനുള്ള കോഴ്സിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനവും നന്ദിയും.

**ഓർഫനേജ് റേഷൻ വിതരണം**

ഓർഫനേജുകളിലേക്കുള്ള റേഷൻ സാധനങ്ങൾ രണ്ടുമാസമായി കിട്ടാതിരുന്ന സ്ഥാപനങ്ങൾ ജില്ലാ സപ്ലൈ ഓഫീസുമായി ബന്ധപ്പെടുക. റേഷൻ സാധനങ്ങളുടെ വിതരണം പുനസ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഫോൺ : 9400299234

**ഫാ. എബിൻ കുളമ്പിൽ**
ഡയറക്ടർ

## ALL KERALA CATHOLIC CONGRESS (A.K.C.C)

കത്തോലിക്ക അത്മായ സംഘടനയായ A.K.C.C. നമ്മുടെ രൂപതയിൽ സജീവമാകുന്നതിന്റെ ഭാഗമായി ഫൊറോന യൂണിറ്റുകൾ സ്ഥാപിച്ച്, രൂപതാതലത്തിൽ ജനറൽബോഡിയും എക്സിക്യൂട്ടീവ് ബോഡിയും സ്ഥാപിക്കണം. 11 ഫൊറോനകളിലായി 11 യൂണിറ്റുകളാണ് ആദ്യം രൂപീകരിക്കുന്നത്. തുടർന്ന് രൂപതാതല തിരഞ്ഞെടുപ്പും.

**ഫൊറോന ജനറൽബോഡി മീറ്റിംഗുകൾ**

ഫൊറോന ജനറൽബോഡി അംഗങ്ങളായി ഉൾപ്പെടുന്നത് ഇടവകകളിൽനിന്നും ബഹു. വികാരി നോമിനേറ്റു ചെയ്തിരിക്കുന്ന അംഗങ്ങൾ,





ഓരോ കുടുംബസമ്മേളന യൂണിറ്റിന്റെയും പ്രസഡിന്റുമാർ, മാതൃസംഘത്തിന്റെ പ്രസിഡന്റും സെക്രട്ടറിയും. ഇവർ ഉൾപ്പെടുന്നതാണ് A.K.C.C. യുടെ ഫൊറോന യൂണിറ്റ്.

ഫെബ്രുവരി 17 - പൊന്നംകോട് ഫൊറോന, സമയം : 9.30 am to 12.30pm
സ്ഥലം : പൊന്നംകോട് ഫൊറോന പള്ളി

ഫെബ്രുവരി 17 - കാഞ്ഞിരപ്പുഴ ഫൊറോന, സമയം : 2.00 pm to 4.30pm
സ്ഥലം : കാഞ്ഞിരപ്പുഴ പാരിഷ്ഹാൾ

ഫെബ്രുവരി 22 - പാലക്കാട് ഫൊറോന, സമയം : 2.00 pm to 4.30pm
സ്ഥലം : കത്തീഡ്രൽ പാരിഷ്ഹാൾ

മാർച്ച് 1 - ഒലവക്കോട് ഫൊറോന, സമയം : 2.00 pm to 4.30pm
സ്ഥലം : ഒലവക്കോട് പാരിഷ്ഹാൾ

മാർച്ച് 7 - താവളം ഫൊറോന, സമയം : 9.30 am to 12.30pm
സ്ഥലം : താവളം പാരിഷ്ഹാൾ

(ബാക്കി ഫൊറോനകളുടെ സമയക്രമീകരണം അടുത്ത ബുള്ളറ്റിനിൽ)

**രൂപത ജനറൽബോഡി**

ഫൊറോനയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന എക്സിക്യൂട്ടീവ് അംഗങ്ങളും, എക്സിക്യൂട്ടീവ് അംഗങ്ങൾ ഉൾപ്പെടുന്ന ഇടവകകൾ ഒഴിവാക്കി ബാക്കിയുള്ള ഇടവകകളിൽനിന്നും ഓരോ പ്രതിനിധിയും, രൂപതാ ഡയറക്ടർ നോമിനേറ്റു ചെയ്യുന്ന അംഗങ്ങളും ഉൾപ്പെട്ടതാണ് രൂപതാ ജനറൽബോഡി. നോമിനേഷൻ ആകെയുള്ള അംഗങ്ങളെക്കാൾ 25 ശതമാനത്തിൽ കൂടാൻ പാടില്ല. രൂപതാ തലത്തിലുള്ള തിരഞ്ഞെടുപ്പ് ക്രമീകരിച്ചിരിക്കുന്നത് ഏപ്രിൽ 11-ാം തിയ്യതി, രണ്ടാം ശനിയാഴ്ച രാവിലെ 10 മണി മുതൽ 3 മണിവരെയാണ്. സ്ഥലം പാസ്റ്ററൽ സെന്റർ, പാലക്കാട്.

**A.K.C.C. രൂപതാ കൺവെൻഷൻ : മെയ് 1 വെള്ളി**

രൂപത കത്തോലിക്ക കോൺഗ്രസ്സിന്റെ കൺവെൻഷനിൽ പങ്കെടുക്കേണ്ടത് A.K.C.C. ഫൊറോന ജനറൽബോഡികളും രൂപതയിലെ ഓരോ ഇടവകയിലെ എല്ലാ കുടുംബയൂണിറ്റു ഭാരവാഹികളും, എല്ലാ മാതൃസംഘം യൂണിറ്റു ഭാരവാഹികളുമാണ്. ഇതിനുവേണ്ട ക്രമീകരണങ്ങൾ അതാതു വികാരിമാർ സജ്ജീകരിക്കണം. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

### വർക്കിംങ്ങ് കമ്മിറ്റി മീറ്റിംഗ്

കാക്കനാട് സെന്റ് തോമസ് മൗണ്ടിൽവച്ചുകൂടിയ വർക്കിംങ്ങ് കമ്മിറ്റി മീറ്റിംഗിൽ ഡയറക്ടർ ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി, ശ്രീ. സെസിൽ അബ്രാഹം, ശ്രീ. ജോസ് മേനാച്ചേരി, ശ്രീ. പ്രകാശ് ഫ്രാൻസിസ് എന്നിവർ പങ്കെടുത്തു.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

## ഫാമിലി അപ്പോസ്തലേറ്റ്

### പ്രീകാന കോഴ്സ്

**മാർച്ച്** മാസത്തിലെയും **ഏപ്രിൽ** മാസത്തിലെയും പ്രീകാന കോഴ്സ് **മാർച്ച് 23,24,25,26** തിയ്യതികളിലും **മെയ്** മാസത്തിലെ പ്രീകാന കോഴ്സ് **4,5,6,7** തിയ്യതികളിലും മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



## കുടുംബകൂട്ടായ്മ

കുടുംബക്കൂട്ടായ്മ, യൂണിറ്റു ഭാരവാഹികൾ മെയ് 1 ന് സംഘടിപ്പിച്ചിരിക്കുന്ന രൂപതാ കൺവെൻഷനിൽ പങ്കെടുക്കേണ്ടതാണ്. നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ. ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത പങ്കെടുക്കുന്ന പ്രസ്തുത കൺവെൻഷൻ വിജയിപ്പിക്കാൻ എല്ലാ വികാരിമാരുടെയും സഹായസഹകരണങ്ങൾ അപേക്ഷിക്കുന്നു.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ







## കരിസ്മാറ്റിക് വാർത്തകൾ

### ZAC മീറ്റിംഗ്

പാലക്കാട് സോണിലെ കരിസ്മാറ്റിക് നവീകരണത്തിന്റെ ഉപദേശക സമിതിയുടെ (ZAC) കൂട്ടായ്മ 2015 ജനുവരി 17ന് രാവിലെ 9.30 മുതൽ 3.30 വരെ രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. കേരള സർവീസ് ടീം അംഗം ശ്രീ. സന്തോഷ് തലച്ചിറ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സോണിലെ നവീകരണ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സോണിലെ നവീകരണ ശുശ്രൂഷകൾ നന്നായി നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ പലരും പങ്കുവച്ചു. ഉച്ചയ്ക്കുശേഷം സോണൽ ഡയറക്ടർ ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. സോണൽ കോർഡിനേറ്റർ ശ്രീ. ഉമ്മൻ മാത്യുവും മറ്റ് PST അംഗങ്ങളും ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

### സോണൽ സർവ്വീസ് ടീം

സർവ്വീസ് ടീമിന്റെ ജനുവരി മാസത്തെ കൂട്ടായ്മ 20-ാം തിയ്യതി ചൊവ്വാഴ്ച ആലത്തൂരിൽ വച്ച് നടത്തി. രാവിലെ 10 മണിമുതൽ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വച്ച് നടത്തിയ ആരാധനയ്ക്കും വി. കുർബാനയ്ക്കും ശേഷം ശ്രീ. ഫ്രാങ്കോ ജോസഫിന്റെ ഭവനത്തിൽ അംഗങ്ങളെല്ലാവരും ഒത്തുചേർന്നു. 2015 ൽ നടത്തേണ്ട നവീകരണ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുകയും വിലയിരുത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ PST അംഗങ്ങളും KAC അംഗങ്ങളും എല്ലാ സംസ്ഥാന കോർഡിനേറ്റർമാരും സോണൽ ഡയറക്ടർ ഡൊമിനിക് ഐപ്പൻപറമ്പിലച്ചനും പങ്കെടുത്തു.

### KST ചെയർമാന്റെ സന്ദർശനം

KCBC കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയും KST ചെയർമാനുമായ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പള്ളിയും സെക്രട്ടറി ശ്രീ. ജാൻസ് സക്കറിയാസും സോണൽ ഡയറക്ടറും കോർഡിനേറ്ററും സോണിലെ എല്ലാ സർവ്വീസ് ടീം അംഗങ്ങളുടെയും ഭവനത്തിൽ ജനുവരി 21ന് സ്നേഹസന്ദർശനം നടത്തി.

### സോണൽ സർവ്വീസ് ടീം പുനസംഘടന

2015 മാർച്ച് 6, 7 തിയ്യതികളിൽ സോണൽ കരിസ്മാറ്റിക് നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സർവ്വീസ് ടീമിന്റെ (PST) പുനസംഘടന നടത്തപ്പെടുന്നു. KST അംഗങ്ങളാണ് ഇതിന് നേതൃത്വം നൽകു

ന്നത്. സോണിലെ വിവിധ ഇടവകകളിൽനിന്ന് പ്രത്യേകം ക്ഷണിക്കപ്പെട്ട 120 പേരടങ്ങുന്ന ZAC അംഗങ്ങളിൽ നിന്നാണ് സർവ്വീസ് ടീമിനെ തിരഞ്ഞെടുക്കുക. പുതിയ ഒരു സർവ്വീസ് ടീമിനായി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം.

**ഫാ. ഡൊമിനിക് ഐപ്പൻപറമ്പിൽ**
ഡയറക്ടർ



# ജീസസ് ഫ്രറ്റേണിറ്റി

**ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്റെയടുത്തുവന്നു.**

ആലത്തൂർ യൂണിറ്റിലെ ജീസസ്സ് ഫ്രറ്റേണിറ്റി അംഗങ്ങൾ 2014 ഡിസംബർ 20-ാം തിയ്യതി ശനിയാഴ്ച 10 മണിക്ക് ആലത്തൂർ സബ് ജയിലിൽ സിസ്റ്റേഴ്സും, വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു. പ്രാർത്ഥനാഗാനത്തോടെ ക്രിസ്തുമസ്സ് പരിപാടികൾക്ക് തുടക്കം കുറിച്ചു. ജയിൽ സൂപ്രണ്ട് രവീന്ദ്രൻ സാർ എല്ലാവർക്കും സ്വാഗതവും ആശംസിച്ചു. എല്ലാവരും യേശുവിന്റെ സന്നിധിയിൽ തുല്യരാണെന്നും ചെയ്തുപോയ തെറ്റുകൾക്ക് മാപ്പിരന്ന് മാനസാന്തരത്തിന്റെ ജീവിതം നയിക്കുന്നത് വഴി യേശുവിന്റെ സാഹോദര്യം പങ്കിട്ട് ജീവിക്കുകയാണെന്നും, യേശുനാഥൻ ആശംസിച്ച സമാധാനം നമ്മിലും നാമുമായി ബന്ധപ്പെടുന്നവരിലും കൈവരുമെന്നും സി. റോസ്മിൻ പറയുകയുണ്ടായി. കുട്ടികളുടെ കരോൾ ഗാനവും, ഡാൻസും, തമാശകളും, ആക്ഷൻ സോങ്ങും, ഈ പരിപാടിക്ക് മാറ്റുകൂട്ടി. കലാപരിപാടികൾ തടവറ മക്കൾക്ക് മാനസിക ഉല്ലാസത്തിനും സന്തോഷത്തിനും വഴി തെളിച്ചു. ജയിൽ നിവാസികൾ നിർമ്മിച്ച പൂൽക്കൂട് വളരെ മനോഹരമായിരുന്നു. ക്രിബ് സെറ്റ് സമ്മാനമായി നൽകുകയും ചെയ്തു. എല്ലാവർക്കും മധുര പലഹാരവും കേക്കും വിതരണ ചെയ്യുകയും ചെയ്തു. ഹോളി ഫാമിലി കോൺവെന്റ് സുപ്പീരിയർ സി. ജോളി ജോസ് ഏവർക്കും നന്ദി പറഞ്ഞു.

ഡിസംബർ മാസത്തിലെ പ്രാർത്ഥന കൂട്ടായ്മ സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. അടുത്ത മാസത്തെ പ്രാർത്ഥന കഞ്ചിക്കോട് അസ്സീസി കോൺവെന്റിൽ വച്ചായിരിക്കും നടത്തുക.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ





# സെഹിയോൻ മിനിസ്ട്രീസ്

## സെഹിയോൻ ധ്യാനകേന്ദ്രം

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ഫെബ്രുവരി | 01-06 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ഫെബ്രുവരി | 08-13 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഫെബ്രുവരി | 15-20 | സിസ്റ്റേഴ്സിന്റെ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഫെബ്രുവരി | 22-27 | ആന്തരികസൗഖ്യ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 253496

**പ്രീസ്റ്റ് ഗ്രാന്റ് കോൺഫറൻസ്**

സെഹിയോനിലെ ധ്യാനം കൂടിയ വൈദികർക്കുവേണ്ടി 2015 ജൂൺ 22 മുതൽ 25 വരെ പ്രീസ്റ്റ് ഗ്രാന്റ് കോൺഫറൻസ് നടത്തപ്പെടുന്നു.

**ജീവിതാന്തസ് വിവേചന ധ്യാനം**

2015 ഏപ്രിൽ 17 മുതൽ 19 വരെ സെഹിയോൻ ധ്യാനകേന്ദ്രത്തിൽവെച്ച് പ്ലസ് ടു മുതലുള്ള യുവജനങ്ങൾക്കുവേണ്ടി ജീവിതാന്തസ് വിവേചന ധ്യാനം നടത്തപ്പെടുന്നു. ബുക്കിംഗിന് : 04924 253496, 8281473647

**സെഹിയോനിലെ മാറിയ ഫോൺനമ്പറുകൾ**

| | |
|---|---|
| പ്രാർത്ഥനാസഹായം | : 04924 227000 |
| ധ്യാനം ബുക്കിംഗ് (അന്വേഷണങ്ങൾക്ക്) | : 04924 253496, 8281473647 |

## സെഹിയോൻ ടെലിവിഷൻ

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www.sehion.org/ web TV

**സെഹിയോൻ റേഡിയോ**

സെഹിയോൻ ശുശ്രൂഷകൾ, മാറാനാത്ത അഭിഷേകാഗ്നി പ്രോഗ്രാമുകൾ, സഭാത്മക പ്രാർത്ഥനകൾ, വിശുദ്ധരുടെ നൊവേന, ക്രിസ്തീയ ഭക്തിഗാനങ്ങൾ തുടങ്ങിയവ 24 മണിക്കൂറും സെഹിയോൻ റേഡിയോയിലൂടെ ലഭ്യമാണ്. address: www sehionradio.org

ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോണുകളിലും ഇത് ലഭ്യമാണ്.

## സെഹിയോൻ ടൗൺമിനിസ്ട്രി

ഫെബ്രുവരി 15 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**യുവജനധ്യാനം**

സെഹിയോൻ ധ്യാനകേന്ദ്രത്തിലെ എഫ്രായിം സെന്ററിൽ വെച്ച് എല്ലാ മാസത്തിന്റെയും രണ്ടാം ഞായറാഴ്ച ആരംഭിച്ച് വെള്ളിയാഴ്ച സമാപിക്കുന്നു.

ബുക്കിംഗിന് : 0491 6411467, 9495451271, 9539417417, 9885427703

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

# പി. എസ്. എസ്. പി.

**പ്ലാവും ചക്കയും**

പ്ലാവ് കൃഷിചെയ്തു കുടുംബത്തിനാവശ്യമായ വരുമാനം ഉണ്ടാക്കുക! മറ്റു ഭക്ഷ്യനാണ്യ വിളകളെപ്പോലെ ചക്കയെയും പ്ലാവിനെയും പരിചരിക്കുക! അതിവിദൂരമല്ലാത്ത ഒരു കൃഷിയായിരിക്കും പ്ലാവ് എന്നുപറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമായിരിക്കും. പക്ഷെ ഒരു പ്ലാവിൽനിന്നു ശരാശരി അയ്യായിരം രൂപ മുതൽ പതിനായിരം രൂപ വരെ ആദായം ലഭിക്കും എന്നുവന്നാലോ നാണ്യവിളകളെപോലെ പ്ലാവ് വെയ്ക്കാൻ മലയാളിയും തയ്യാറാകും. തമിഴ്നാട്ടിലെ പന്റുത്തി ഗ്രാമത്തിൽ പ്ലാവ് പ്രധാന കൃഷിയായി കർഷകർക്ക് നല്ല വരുമാനം നൽകി വരുന്നത് ഉദാഹരണമായി മുൻപിലുള്ളപ്പോൾ, വിപണിയിൽ വാങ്ങാൻ തയ്യാറായി കോർപ്പറേറ്റ് മുതലാളിമാർ കാത്തുനിൽക്കുമ്പോൾ, ഇനിയും നമ്മൾ മടിച്ചുനില്ക്കണമോ?

ചക്ക, പൂവിൽനിന്ന് പഴം വരെയുള്ള ചതുർമാസ വിളവുകാലം വ്യത്യസ്ത വിഭവങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്ന ഏക ഭക്ഷ്യവിളയാണ്. ആധുനിക ജീവിത സൗകര്യങ്ങളും തിരക്കുപിടിച്ച ജീവിതക്രമവും ചക്ക പാകം





ചെയ്യുന്നതിനാവശ്യമായ കഠിനാദ്ധ്വാനവും ഇതിനെ പടിക്കുപുറത്തു നിർത്തുവാൻ വീട്ടമ്മമാരെ നിർബന്ധിക്കുന്നു. ചക്കയുടെ പോഷകമൂല്യവും സദ്രുചിയും നമ്മുടെ ആഘോഷവേളകളിൽ സ്ഥാനം പിടിക്കേണ്ടിയിരിക്കുന്നു. പോഷകസമ്പുഷ്ടവും പ്രകൃതി സൗഹൃദവുമായ ഭക്ഷ്യരീതികൾക്ക് ലഭിക്കുന്ന ഒരു പ്രഥമ സ്വീകാര്യത ചക്ക വിഭവങ്ങൾക്ക് ലഭിക്കേണ്ടിയിരിക്കുന്നു. കാലഘട്ടത്തിന്റെ കടമയാണ് ചക്കയേയും പ്ലാവിനേയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് എന്ന തിരിച്ചറിവാണു പി.എസ്.എസ്.പി.യെ ചക്ക സംസ്ക്കരണ ശാലകൾ ആരംഭിക്കുന്നതിനു പ്രേരിപ്പിച്ചത്. പാചക സൗഹൃദ (Easy to Cook) പാക്കറ്റുകളിൽ ചക്കയെ എത്തിക്കുകയും വൈവിധ്യ വിഭവങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഉപഭോഗം വർദ്ധപ്പിക്കുന്നതിനുള്ള നടപടികളാണ് പി.എസ്.എസ്.പി. ചെയ്തുവരുന്നത്.

ചക്ക ഉണക്കിപ്പൊടിച്ചതും ചക്കകുരുപ്പൊടിയും ഏറ്റവും നല്ല രുചിദാതാക്കളാണ് എന്നത് ഇനിയും മലയാളിയുടെ ശ്രദ്ധയിലെത്തേണ്ടതുണ്ട്. ആഗോള ആരോഗ്യമേഖലയിൽ ഗ്ലൂട്ടൻ വരുത്തുന്ന വിനകൾ ബോദ്ധ്യപ്പെടുത്തേണ്ടതിന് Contains Gluton എന്നത് പായ്ക്കറ്റുകളിൽ പ്രദർശിപ്പിക്കണമെന്നത് നിയമം മൂലം നിഷ്കർഷിച്ചിരിക്കുന്നു. ഗ്ലുട്ടൻ രഹിത ഭക്ഷ്യവിഭവം എന്ന ഖ്യാതി ഇനിയും ചക്കയ്ക്ക് ലഭിക്കേണ്ടിയിരിക്കുന്നു.

വിഷരഹിതമായ, ഉന്നത പോഷക മൂല്യമുള്ള നല്ല നാരുള്ള ഊർജ്ജത്തിന്റെ കലവറയായ ചക്ക സമൃദ്ധമായുള്ളപ്പോൾ മറ്റെന്തുഭക്ഷണമാണ് മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കൾക്ക് നൽകാനാകുക?

ലോകത്തിൽ ഏറ്റവും കൂടുതൽ ജീവിതശൈലീരോഗങ്ങൾ സ്ഥാനം പിടിച്ച കേരളത്തിൽ ഗ്ലൂട്ടൻ രഹിത ഭക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ചക്കയും ചക്ക വിഭവങ്ങളും പ്രോത്സാഹിപ്പിക്കുവാനും പ്ലാവ് കൃഷി നടപ്പിലാക്കി കർഷകർക്ക് വരുമാനം ഉറപ്പിക്കുന്നതിനും പി.എസ്.എസ്.പി. ആഗ്രഹിക്കുന്നു. പത്ത് പ്ലാവെങ്കിലും നട്ടുവളർത്താൻ തയ്യാറുള്ള കർഷകർ പി.എസ്.എസ്.പി.യുമായി ബന്ധപ്പെടുക. ജാക്ക് ഫ്രൂട്ട് മിഷനിൽ പങ്കാളിയാകുക.

**ജാക്ക് ഫ്രൂട്ട് മിഷൻ**

പി.എസ്.എസ്.പി.യുടെ നേതൃത്വത്തിൽ ഇളവംപാടത്തും ധോണിയിലും വേലിക്കാടും അട്ടപ്പാടിയിലുമുള്ള ചക്കസംസ്ക്കരണ യൂണിറ്റുകൾ ഈ സീസണിലെ പ്രവർത്തനം ആരംഭിക്കുന്നു. ചക്ക വിൽക്കുന്നതിനോ സംസ്ക്കരിക്കുന്നതിനോ താത്പര്യമുള്ളവർ വിളിക്കുക.
വേലിക്കാട് : 9809668147 ധോണി : 9447180679

ഇളവംപ്പാടം : 9446876309 അട്ടപ്പാടി : 9446279579

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് 2015 ഫെബ്രുവരി 4ന് കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി.യിൽ വച്ച് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 05.02.15 | വ്യാഴം | പാലക്കാട് II | പൊരിയാനി, മുണ്ടൂർ | 11.00 am |
| 10.02.15 | ചൊവ്വ | മലമ്പുഴ/പാലക്കാട് I | പാസ്റ്ററൽ സെന്റർ | 11.00 am |
| 11.02.15 | ബുധൻ | മണ്ണാർക്കാട് | ചീനിക്കപ്പാറ | 11.00 am |
| 12.02.15 | വ്യാഴം | ശ്രീകൃഷ്ണപുരം | കിളിക്കുന്ന് | 11.00 am |
| 13.02.15 | വെള്ളി | കുഴൽമന്ദം | കണ്ണനൂർ, SNDPഹാൾ | 11.00 am |
| 16.02.15 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11.00 am |
| 18.02.15 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11.00 am |
| 25.02.15 | ബുധൻ | ആലത്തൂർ | FCC വടക്കഞ്ചേരി | 11.00 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 9.02.15 | തിങ്കൾ | റീജിയണൽ ഓഫീസ്, ഗൂളിക്കടവ് | 10.30am to 2.00 pm |
| 13.02.15 | വെള്ളി | കണ്ണനൂർ SNDP ഹാൾ | 10.30am to 2.00 pm |
| 16.02.15 | തിങ്കൾ | ഗൂളിക്കടവ്, പാരിഷ് ഹാൾ | 10.30am to 2.00 pm |
| 17.02.15 | ചൊവ്വ | സാൻജോ ടവ്വർ | 10.30am to 2.00 pm |
| 18.02.15 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 10.30am to 1.00 pm |
| 19.02.15 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 10.30am to 2.00 pm |
| 23.02.15 | തിങ്കൾ | പൊരിയാനി, മുണ്ടൂർ | 10.00am to 2.00 pm |
| 25.02.15 | ബുധൻ | FCC കരിമ്പ | 10.30am to 2.00 pm |

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു





വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണന പരിശീലനം**

നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുല്പന്നങ്ങൾ (10തരം ഉല്പന്നങ്ങൾ) എന്നിവയുടെ നിർമ്മാണവും വിപണനവും പരിശീലനവും PSSP നൽകി വരുന്നു. രണ്ടു ദിവസം നീണ്ടു നിൽക്കുന്നതാണ് പരിശീലനം. ആവശ്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

**ലോക വനിതാദിനാഘോഷം**

പി.എസ്.എസ്.പി.യുടെ ഈ വർഷത്തെ ലോക വനിതാദിനാഘോഷം 2015 മാർച്ച് മാസം 7ന് ശനിയാഴ്ച വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. സാംസ്കാരിക ഘോഷയാത്ര, പൊതുസമ്മേളനം, കലാപരിപാടികൾ എന്നിവ നടത്തപ്പെടും.

**വനിതാ "ശിങ്കാരി മേളം"**

പി.എസ്.എസ്.പി.യുടെ നേതൃത്വത്തിൽ 'ബീറ്റ്സ് കരിമ്പ' എന്നപേരിൽ വനിതാ ശിങ്കാരി മേള ഗ്രൂപ്പ് ആരംഭിച്ചിരിക്കുന്നു. ബുക്കിംഗിന് താഴെപറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക. ഫോൺ : 9497826023, 9946743037, 9947852087, 0491 2527784.

**റീജിയണൽ ഓഫീസ്**

പി.എസ്.എസ്.പി.യുടെ പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനായി മുണ്ടൂർ കല്ലിപാറയിൽ ഒരു റീജിയണൽ ഓഫീസ് കെട്ടിടം പണിതു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഇതിന്റെ വെഞ്ചരിപ്പുകർമ്മം 5.2.15ന് വ്യാഴാഴ്ച കാലത്ത് 10.30ന് നടക്കും.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധഭാഗങ്ങളിൽ 2014-2015 വർഷത്തിലേക്ക് ആരംഭിച്ച കോഴ്സുകളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| Sl No | Course | Proposed batches | Enrolled batches |
|---|---|---|---|
| 1 | Tailor | 37 | 37 |
| 2 | Hand Embroidery | 4 | 4 |
| 3 | Machine Embroidery | 2 | 1 |
| 4 | Fabric Painting | 8 | 8 |
| 5 | Screen Printing | 8 | 6 |
| 6 | Plumbing & Sanitary Works | 2 | 2 |
| 7 | Basic Electrical Training | 2 | 1 |
| 8 | Bee Keeping | 1 | 1 |
| 9 | Fruits & Vegetable Processing & Preservation | 1 | 1 |
| 10 | Rexene/ Leather/Jute home & Office article Making | 1 | 1 |
| 11 | Bridal Jewllery Making | 1 | 1 |
| 12 | Computer Fundamental, MS Office and Internet | 1 | 1 |

* ജെ.എസ്.എസിന്റെ സെൽഫ് ഫിനാൻസിങ്ങ് ടൈലറിങ്ങ് ബാച്ചുകൾ കഞ്ചിക്കോട്, പന്തലാംപാടം എന്നീ ഭാഗങ്ങളിൽ ആരംഭിച്ചു.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## കേരള ലേബർ മൂവ്മെന്റ് (KLM)

**അഭിനന്ദനങ്ങൾ**

കേരള ലേബർ മുവ്മെന്റിന്റെ വാർഷിക ജനറൽ കോൺഫറൻസ് കൊച്ചി പി.ഒ.സി.യിൽ വെച്ച് ജനുവരി 25, 26 തിയ്യതികളിലായി നടന്നു. പ്രസ്തുത മീറ്റിംഗിൽവച്ച് കെ.എൽ.എം. പാലക്കാട് ജില്ലാ പ്രസിഡന്റ് ശ്രീ. ഡെന്നി തെങ്ങുംപള്ളി സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. രൂപതാഘടകത്തിന്റെ പ്രാർത്ഥനാശംസകൾ!

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ





## From the Bishop's Diary

**2014 ഡിസംബർ**

27 – നെന്മാറ ക്രൈസ്റ്റ് ദ കിംഗ് ദൈവാലയത്തിൽ ഡീ. ടോണി അറയ്ക്കലിന് വൈദികപട്ടം നൽകി.

28 – മൗണ്ട് സെന്റ് തോമസിൽ വിശ്വാസ പരിശീലന കമ്മീഷൻ സംഘടിപ്പിച്ച പ്രതിഭാസംഗമത്തിൽ സംബന്ധിച്ചു. സമാപനസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

29 – തൃശൂർ-പോന്നൂർ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ഡീ. ലിവിൻ ചുങ്കത്തിന് വൈദികപട്ടം നൽകി.

30 – കരിമ്പ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ഡീ. ജോബിൻ കാഞ്ഞിരത്തിങ്കലിന് വൈദികപട്ടം നൽകി.

– പൊന്നംകോട് സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഡീ. ജെയിംസ് കാവാലത്തിന് വൈദികപട്ടം നൽകി.

31 – ഒലവക്കോട് സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ ഡീ. റെന്നി പൊറത്തൂരിന് വൈദികപട്ടം നൽകി.

– ജെല്ലിപ്പാറ സെന്റ് പീറ്റർ ദൈവാലയത്തിൽ സി.എം.ഐ. സഭാംഗമായ ഡീ. രാജു നെല്ലിശ്ശേരിക്ക് വൈദികപട്ടം നൽകി.

**2015 ജനുവരി**

1 – രാജഗിരി സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ വിൻസൻഷ്യൻ സഭാംഗമായ ഡീ. ജസ്റ്റിൻ വട്ടമറ്റത്തിലിന് വൈദികപട്ടം നൽകി.

2 – തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

3 – കടമ്പൂർ സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി ദൈവാലയത്തിൽ ഡീ. ജിതിൻ വേലിക്കകത്തിന് വൈദികപട്ടം നൽകി.

– പാലപ്പുറം ഇടവകയിലുള്ള പോളിഗാർഡൻസ്, സുഹൃദ്ഭവൻ എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ച് അന്തേവാസികൾക്ക് കേക്ക് വിതരണം ചെയ്തു.

– യുവക്ഷേത്ര കോളേജിൽ ഹോട്ടൽ മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റ് സംഘടിപ്പിച്ച എക്സിബിഷൻ ഉദ്ഘാടനം ചെയ്തു.

4 – സെന്റ് റാഫേൽസ് കത്തീഡ്രൽ ദൈവാലയത്തിൽ സമർപ്പിത വർഷാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം നിർവ്വഹിച്ച് വി.

കുർബാനയർപ്പിച്ചു. വി. ചാവറ പിതാവിന്റെയും വി. എവുപ്രാസ്യാമ്മയുടെയും തിരുനാൾ ആഘോഷിച്ചു. സുൽത്താൻപേട്ട് രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ പീറ്റർ അബിർ സാമി പിതാവിന് രൂപതാവക സ്വീകരണം നൽകി.

5 – സെന്റ് ജെയിംസ് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

5–9 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ സംബന്ധിച്ചു.

10 – പാസ്റ്ററൽ സെന്ററിൽ ലോഗോസ് ക്വിസ് വിജയികളായവർക്ക് സമ്മാനം നൽകി.

– പാലക്കാട് ടൗൺ ഹാളിൽ പി.എസ്.എസ്.പി. സംഘടിപ്പിച്ച പൊലിമ സ്നേഹോത്സവം ഉദ്ഘാടനം ചെയ്തു.

– ഒല്ലൂരിൽ വി. എവുപ്രാസ്യാമ്മയുടെ വിശുദ്ധപദവി പ്രഖ്യാപനത്തിന് കൃതജ്ഞതയർപ്പിച്ചുകൊണ്ട് നടത്തപ്പെട്ട സമൂഹബലിയിലും പൊതുസമ്മേളനത്തിലും സംബന്ധിച്ചു.

11 – സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ശ്രീ. കുര്യൻ ജോസഫ് പിതാവിനെ സന്ദർശിച്ചു.

12 – നീതിപുരം സെന്റ് ജോസഫ് ദൈവാലയത്തിൽ വിൻസൻഷ്യൻ സഭാംഗമായ ഡീ. വിൻസൻ നിരപ്പേലിന് വൈദികപട്ടം നൽകി.

– ശ്രീകൃഷ്ണപുരത്ത് പുതുതായി നിർമ്മിച്ച സെന്റ് ഡൊമിനിക് കോൺവെന്റ് വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു.

13 – രൂപതാകാര്യാലയത്തിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. നവവൈദികർക്ക് സ്വീകരണം നൽകി.

14 – സന്ന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

15 – കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ബെനഫാക്റ്റേഴ്സ് ഡേയോടനുബന്ധിച്ച പരിപാടിയിൽ സംബന്ധിച്ചു സന്ദേശം നൽകി.

– പാലക്കയം കാർമ്മൽ സ്കൂളിന്റെ 36-ാം വാർഷികദിനാഘോഷം ഉദ്ഘാടനം ചെയ്തു.

– ചീനിക്കപ്പാറ സെന്റ് തോമസ് ദൈവാലയം സന്ദർശിച്ചു.

16 – തൃശൂർ അമല ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

17 – സെന്റ് റാഫേൽസ് കത്തീഡ്രലിൽ എഫ്.സി.സി. സഭാംഗങ്ങളായ മദേഴ്സ് വയോള, ബോസ, ബ്രെന്റാ, ജോസഫ് ലാമ്പ്ര, അന്ന ക്ലാര, മെലിറ്റ, ലുസേറ്റ എന്നിവരുടെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.





18 – കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ഇടവകയുടെ പാരിഷ് സോഷ്യൽ ആക്ഷൻ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പാവപ്പെട്ടവർക്കായി നിർമ്മിച്ചുനൽകിയ 6 വീടുകളുടെ വെഞ്ചരിപ്പും താക്കോൽദാന ശുശ്രൂഷയും നിർവ്വഹിച്ചു.

– കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

20 – സന്ന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

21 – പാലന ആശുപത്രി സ്ഥാപിതമായതിന്റെ ദശവത്സരാഘോഷത്തിന്റെ സമാപനസമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

22 – ഷൊർണൂർ സേക്രട്ട് ഹാർട്ട് കോൺവെന്റിൽ സി. തിബുർസിയ സി.എം.സി. യുടെ മൃതദേഹത്തിൽ ഒപ്പീസുപാടി.

– പി.ഒ.സി.യിൽ CHAI ഗവേണിംഗ് ബോർഡിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

23 – കത്തീഡ്രൽ ഇടവകയിൽ പരേതനായ ചീരൻ ജോസഫിന്റെ ഭാര്യ തങ്കത്തിന്റെ മൃതദേഹത്തിൽ ഒപ്പീസുപാടി.

– മലമ്പുഴ കൃപാസദൻ സന്ദർശിച്ചു.

– മലമ്പുഴ നിർമ്മലമാത സ്കൂളിന്റെ പത്താംവാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

24 – ആലത്തൂർ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വിശ്വാസപരിശീലനക്ലാസുകൾക്കായി നിർമ്മിച്ച ഹാൾ വെഞ്ചരിച്ചു, വി. കുർബാനയർപ്പിച്ചു.

25 – മുണ്ടൂർ യുവക്ഷേത്രയിൽ ജീസസ് യൂത്ത് പാലക്കാട് സംഘടിപ്പിച്ച The Face എന്ന പ്രോഗ്രാമിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

– പാസ്റ്ററൽ സെന്ററിൽ കെ.സി.വൈ.എം.ന്റെ മുൻ ഭാരവാഹികൾക്കായി നടത്തപ്പെട്ട സ്നേഹസംഗമത്തിൽ സംബന്ധിച്ചു സന്ദേശം നൽകി.

26 – കൂക്കംപാളയം സെന്റ് മേരീസ് മഠത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

– തെങ്കര സെന്റ് ഡൊമിനിക്ക് നോവിഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.